# നിത്യസമർപ്പണം

ब्रह्मवित् आप्नोति परम्

**നാരായണാശ്രമതപോവനം**

വെങ്ങിണിശ്ശേരി, പി.ഒ. പാറളം, തൃശ്ശൂർ,

കേരളം - 680 575,  ഇന്ത്യ.

Nitya Samarpanam( Malayalam)

Published by :
©Managing Trustee
Narayanashrama Tapovanam
Venginissery, P.O. Paralam
Thrissur Dist. Kerala - 680 575
India
Website: http://www.brahmavidya.org
email: ashram1@gmail.com

First Edition : May 2011

All rights are reserved. No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, mechanical, photocopying, recording or otherwise, without prior written permission of the publisher.

ISBN: 978-93-80695-08-2

Price: Rs 40/-

Printed at :
Nirmala Offset, Chalakudy

## പുസ്തകത്തെപ്പറ്റി ചില വാക്കുകൾ

"ഭാവപൂർവം ചൊല്ലുന്ന കാവ്യത്തിന് അഥവാ പദ്യത്തിന്, എന്നുവെച്ചാൽ ശ്ലോകത്തിനുതന്നെ, മനസ്സിലെ ദു:ഖംനീക്കി ആനന്ദംനല്കാനുള്ള മാസ്മരികശക്തിയുണ്ട്. മാത്രമല്ല പഠിയ്ക്കാനും ഓർമവെയ്ക്കാനും തത്ത്വവിചാരം ചെയ്യാനും അതു സുഗമവുമാണ്. ശ്ലോകമെന്നുള്ള വാക്കിനുതന്നെ അതിനാൽ ശോകത്തെ ഇല്ലാതാക്കുന്നതെന്നാണ് അർഥം." - സ്വാമിജി.

കഴിഞ്ഞ 6 വർഷമായി ആശ്രമത്തിലുള്ള നിത്യപരിപാടികളിൽ കാര്യമായ മാറ്റംവന്നിട്ടുണ്ട്. ദിനംപ്രതിയുള്ള പലേ ചടങ്ങുകളും പ്രധാനപ്പെട്ട ശ്ലോകങ്ങൾ ചൊല്ലിക്കൊണ്ടാണ് നടത്താറുള്ളത്. തിരഞ്ഞെടുത്ത ഈ ശ്ലോകങ്ങൾ വളരെ ഭക്തിനിർഭരവും ആവേശജനകവുമായ രാഗങ്ങളിലാണ് മാജി ചിട്ടപ്പെടുത്തീട്ടുള്ളത്. പ്രത്യേകസ്വരരാഗങ്ങളിൽ സംയുക്തമായി ചൊല്ലുന്ന ഇവ ക്രമേണ ജ്ഞാനയജ്ഞങ്ങളുടേയും, പ്രതിവാരംനടക്കുന്ന സത്സംഗങ്ങളുടേയും മറ്റുചടങ്ങുകളുടേയും ഭാഗമായിത്തീർന്നിരിയ്ക്കയാണ്. പൂജ്യസ്വാമിജിയുടെ ഭക്തന്മാർ പലയിടങ്ങളിലും ഇതു പിന്തുടർന്നുവരുന്നു.

ഇവ ഉൾക്കൊള്ളുന്ന ലഘുപുസ്തകം ഭക്തന്മാർ കുറെകാലമായി ആവശ്യപ്പെടുന്നു. 1954ൽ പ്രസിദ്ധീകരിച്ചു 90ൽ പുതുക്കിയ സ്തോത്രമാലയിൽ ഇതിലുള്ള പല ശ്ലോകങ്ങളുമില്ല. അതേസമയം ആശ്രമത്തിൽ ജപിയ്ക്കാത്ത മറ്റുചില ശ്ലോകങ്ങൾ അതിലുണ്ടുതാനും.

മാജിയുടേയും, സ്വാമി നിർവിശേഷാനന്ദതീർഥജിയുടേയും ആത്മസംഗീതമെന്ന *ഓഡിയോ സീഡി*യിലെ ശ്ലോകങ്ങൾ ആഴത്തിൽ പവിത്രമായ രീതിയിലാണ് പാടീ

ട്ടുള്ളത്. സ്വയം ഉള്ളിൽ ലയിച്ചുപോകുന്നതിനു ജിജ്ഞാ സുക്കളെ സഹായിയ്ക്കണമെന്ന ഉദ്ദേശത്തോടെയാണ് അതിലെ സ്വരരാഗരീതികൾ. അവയ്ക്ക് 1999ൽ പ്രസിദ്ധീ കരിച്ച ഇംഗ്ലീഷുതർജമ ഇപ്പോഴത്തെ ആവശ്യം നിർവഹി യ്ക്കാൻ പര്യാപ്തമല്ല. കാരണം, ആശ്രമത്തിൽ നിത്യം ചൊല്ലുന്നവയിൽനിന്നു കുറെ വ്യത്യസ്തമാണവ.

ഇവിടത്തെ നിത്യപരിപാടികൾക്ക് ആവശ്യമായ എല്ലാ ശ്ലോകങ്ങളുമുള്ള ഈ പ്രസിദ്ധീകരണം കുറെ കാല മായുള്ള ആവശ്യം നിർവഹിയ്ക്കുമെന്നു പ്രത്യാശിയ്ക്കട്ടെ. പ്രഭാതംമുതൽ സന്ധ്യവരെ ആശ്രമത്തിലുള്ള എല്ലാ പരിപാടികളും പ്രതിഫലിപ്പിയ്ക്കുന്നതാണ് ഇതിലെ ശ്ലോക ക്രമം.

ഒന്നും നാലും അധ്യായങ്ങൾ സമാധിമന്ദിരത്തിൽ കാലത്തും വൈകീട്ടും കൂട്ടായി ജപിയ്ക്കുന്നതാണ്. 2-ാം അധ്യായത്തിലേതു പൂജ്യഗുരുദേവന്റെ പാദങ്ങളിൽ പുഷ്പങ്ങൾ സമർപ്പിയ്ക്കുമ്പോൾ ചൊല്ലുന്നവയും. 3-ാം അധ്യായത്തിലാകട്ടെ ഭോജനപവിത്രീകരണത്തിനുള്ള ശ്ലോകങ്ങളാണ്. അന്നന്നു പാകംചെയ്ത ഭക്ഷണത്തെ പൂജ്യസ്വാമിജി പവിത്രവും ദിവ്യവുമാക്കുന്ന ചടങ്ങാണ് ഭോജനപവിത്രീകരണം.

ഭക്ഷണംകഴിയ്ക്കുന്നതിനു മുമ്പു ജപിയ്ക്കുന്ന മന്ത്രങ്ങളും ഇതിലുണ്ട്. സത്സംഗം തുടങ്ങുന്നതിനുമുമ്പും പരിസമാപിയ്ക്കുമ്പോഴും ചൊല്ലുന്നതും കാണാം. ഇതുവി ട്ടുള്ള ഭാഗങ്ങൾ ഈ ലഘുപുസ്തകത്തെ കൂടുതൽ സമഗ്ര മാക്കാൻ വേണ്ടിയുള്ളതാണ്.

പരിശിഷ്ടം 1 ലുള്ള 108 അർച്ചനാനാമങ്ങൾ ഡൽഹി യിലെ ദിവംഗതനായ ബാലൻസുബ്രഹ്മണ്യൻ പൂജ്യസ്വാ മിജിയെക്കുറിച്ച് രചിച്ചിട്ടുള്ളതാകുന്നു. നമ്മുടെ പൂജ്യഗുരു

ദേവനു പാദപൂജ ചെയ്യുമ്പോഴൊക്കെ ഈ നാമങ്ങളാണ് ഉപയോഗിച്ചുവരുന്നത്. പരിശിഷ്ടം 2 ഭഗവദ്ഗീത 15-ാം അധ്യായത്തിന്റെ പുനരാഖ്യാനമാണ്. ഇതിന്റെ ഉദ്ദേശം ഭക്തജനങ്ങളെ ഭക്ഷണംകഴിയ്ക്കുംമുമ്പുള്ള സംയുക്തജ പത്തിൽ പങ്കെടുപ്പിയ്ക്കുന്നതുതന്നെ.

ഭക്തിപൂർവം നല്കുന്നതാണ് സമർപ്പണം; നിത്യമെന്നു വെച്ചാൽ, പതിവായി, എല്ലായ്പ്പോഴും, എന്നേയ്ക്കുമായി എന്നും. ഇതിൽ ഇങ്ങനെ പതിവായി ഭക്തിപൂർവം സമർ പ്പിയ്ക്കേണ്ട പുഷ്പങ്ങളാണ് ഉള്ളത്, ഒരിയ്ക്കലും വാടി ക്കരിഞ്ഞുപോകാത്തവ! ഉപയോഗിയ്ക്കുന്തോറും അവയ്ക്കു ഗന്ധവും പ്രകാശവും കൂടുകയേയുള്ളു മാത്രമല്ല നമ്മെ കൂടുതൽ ഭാസുരവും പവിത്രവുമാക്കയും ചെയ്യുന്നു.

– സ്വാമി നിർവിശേഷാനന്ദ തീർഥ

## വിഷയവിവരം


| | | |
|---|---|---|
| I | പ്രഭാതപ്രാർഥന | 1 |
| II | പുഷ്പസമർപ്പണം | 17 |
| III | ആശ്രമാനുഷ്ഠാനങ്ങളിൽ ഉപയോഗിയ്ക്കുന്ന മറ്റു ശ്ലോകങ്ങൾ | 27 |
| IV | സന്ധ്യാഭജനം | 31 |

**പരിശിഷ്ടം**

1. അഷ്ടോത്തരശതനാമാവലി 42
2. ശ്രീമദ്ഭഗവദ്ഗീത : 15-ാം അധ്യായം 54

# I പ്രഭാതപ്രാർഥന

## I.1 ശ്ലോകങ്ങൾ

**വന്ദേ ഗുരൂണാം ചരണാരവിന്ദേ**
**സന്ദർശിതസ്വാത്മസുഖാവബോധേ**
**ജനസ്യ യേ ജാങ്ഗുലികായമാനേ**
**സംസാരഹാലാഹലമോഹശാന്ത്യൈ**

അന്വയം:

സംസാരഹാലാഹലമോഹശാന്ത്യൈ യേ ജനസ്യ ജാങ്ഗുലികായമാനേ ഗുരൂണാം സന്ദർശിതസ്വാത്മസുഖാവബോധേ ചരണാരവിന്ദേ (അഹം) വന്ദേ.

അർഥം:

സംസാരമാകുന്ന കാളകൂടവിഷത്താലുള്ള മോഹം ശമിപ്പിയ്ക്കുന്നതിനു ജനങ്ങൾക്കു വൈദ്യനായിത്തീരുന്ന ഗുരുവിന്റെ, സ്വാത്മസുഖമുണർത്തുന്ന പാദകമലങ്ങളെ ഞാൻ വന്ദിയ്ക്കുന്നു.

**മദീയഹൃദയാകാശേ സദാനന്ദമയോ ഗുരുഃ**
**ഉദേതു സതതം സമ്യക് അജ്ഞാനതിമിരാരുണഃ**

അന്വയം:

സദാനന്ദമയഃ ഗുരുഃ മദീയഹൃദയാകാശേ സതതം അജ്ഞാനതിമിരാരുണഃ സമ്യക് ഉദേതു.

അർഥം:

സദാനന്ദമയനായ ഗുരു എന്റെ ഹൃദയാകാശത്തിൽ എല്ലായ്പ്പോഴും അജ്ഞാനക്കൂരിരുട്ടു നീക്കുന്ന അരുണനായി നല്ലവണ്ണം ഉദിയ്ക്കട്ടെ.

**പൃഥ്വീ സഗന്ധാ സരസാസ്തഥാപഃ**
**സ്പർശീ ച വായുർജ്വലിതം ച തേജഃ**
**നഭഃ സശബ്ദം മഹതാ സഹൈവ**
**കുർവന്തു സർവ്വേƒപി ച മംഗളം നഃ**

അന്വയം:

സഗന്ധാ പൃഥ്വീ തഥാ സരസാഃ ആപഃ സ്പർശീ വായുഃ ച ജ്വലിതം തേജഃ സശബ്ദം നഭഃ ച മഹതാ സഹ ഏവ സർവേ ച  നഃ മംഗളം കുർവന്തു.

അർഥം:

ഗന്ധത്തോടെ ഭൂമിയും, രസത്തോടെ ജലവും, സ്പർശത്തോടെ വായുവും, ജ്വലനത്തോടെ അഗ്നിയും, മഹത്തോടൊപ്പം ശബ്ദത്തോടെ അന്തരീക്ഷവും, എല്ലാംതന്നെ നമുക്കു മംഗളം ചൊരിയട്ടെ.

**ലോകേശ  ചൈതന്യമയാദിദേവ**
**ശ്രീകാന്ത വിഷ്ണോ ഭവദാജ്ഞയൈവ**
**പ്രാതഃ സമുത്ഥായ തവ പ്രിയാർഥം**
**സംസാരയാത്രാമനുവർതയിഷ്യേ**

അന്വയം:

ഹേ ലോകേശ, ചൈതന്യമയ, ആദിദേവ, ശ്രീകാന്ത, വിഷ്ണോ, ഭവദാജ്ഞയാ ഏവ (അഹം) പ്രാതഃ സമുത്ഥായ തവ പ്രിയാർഥം സംസാരയാത്രാം അനുവർതയിഷ്യേ.

അർഥം:

അല്ലയോ സകലലോകങ്ങളെയും ഭരിയ്ക്കുന്നവനേ, ചൈതന്യസ്വരൂപ, ആദിദേവ, ലക്ഷ്മീപതേ, വിശ്വമെല്ലാം വ്യാപിച്ചിരിയ്ക്കുന്ന വിഷ്ണോ, അവിടത്തെ ആജ്ഞയനുസരിച്ചു രാവിലെ എഴുന്നേറ്റ് അങ്ങയുടെ സന്തോഷത്തിനായി സംസാരമാകുന്ന യാത്രയെ ഞാൻ നടത്തിക്കൊള്ളാം.

**പ്രാതഃ സ്മരാമി ഹൃദി സംസ്ഫുരദാത്മതത്ത്വം**
**സച്ചിത്സുഖം പരമഹംസഗതിം തുരീയം**
**യത്സ്വപ്നജാഗരസുഷുപ്തമവൈതി നിത്യം**
**തദ്ബ്രഹ്മ നിഷ്കലമഹം ന ച ഭൂതസംഘഃ**

അന്വയം:

ഹൃദി സംസ്ഫുരത് ആത്മതത്ത്വം, സച്ചിത്സുഖം, പരമഹംസഗതിം, തുരീയം, യത് സ്വപ്നജാഗരസുഷുപ്തം അവൈതി തത് നിത്യം നിഷ്കലം ബ്രഹ്മ പ്രാതഃ (അഹം) സ്മരാമി, തത് ഏവ അഹം ഭൂതസംഘഃ ന.

അർഥം:

ഹൃദയത്തിൽ വിളങ്ങുന്ന സച്ചിദാനന്ദസ്വരൂപവും, പരമഹംസഗതിയും, തുരീയമെന്ന സ്വപ്നജാഗ്രത്സുഷുപ്ത്യവസ്ഥകളെ അറിയുന്ന നാലാമത്തേതും, നിത്യവും കളങ്കരഹിതവുമായ ബ്രഹ്മത്തെ ഞാൻ രാവിലെ സ്മരിയ്ക്കുന്നു. ബ്രഹ്മംതന്നെ ഞാൻ, പഞ്ചഭൂതസംഘാതമല്ല.

**പ്രാതർഭജാമി മനസോ വചസാമഗമ്യം**
**വാചോ വിഭാന്തി നിഖിലാ യദനുഗ്രഹേണ**
**യന്നേതി നേതി വചനൈർനിഗമാ അവോചുഃ**
**തം ദേവദേവമജമച്യുതമാഹുരഗ്ര്യം**

അന്വയം:

(അഹം) പ്രാതഃ മനസഃ വചസാം അഗമ്യം, യദനുഗ്രഹേണ നിഖിലാഃ വാചഃ വിഭാന്തി, നിഗമാഃ യത് ന ഇതി ന ഇതി വചനൈഃ അവോചുഃ, ദേവദേവം അജം അച്യുതം അഗ്ര്യം ആഹുഃ തം ഭജാമി.

അർഥം:

മനസ്സിനും വാക്കിനും അഗമ്യനും, ഏതിന്റെ അനുഗ്രഹത്താൽ എല്ലാ വാക്കുകളും പ്രകാശിയ്ക്കുന്നുവോ, വേദം ഏതിനെ ഇതല്ല ഇതല്ല എന്നീ വാക്കുകളാൽ നിർദേശിച്ചിരിയ്ക്കുന്നുവോ, ദേവദേവനും, ജനനമില്ലാത്തവനും, ച്യുതിയേശാത്തവനും ആദ്യനുമായ അവനെ ഞാൻ പ്രഭാതത്തിൽ ഭജിയ്ക്കുന്നു.

**പ്രാതർനമാമി തമസഃ പരമർകവർണം**
**പൂർണം സനാതനപദം പുരുഷോത്തമാഖ്യം**
**യസ്മിന്നിദം ജഗദശേഷമശേഷമൂർതൗ**
**രജ്വാം ഭുജംഗമ ഇവ പ്രതിഭാസിതം വൈ**

അന്വയം:

തമസഃ പരം, അർകവർണം, പൂർണം, സനാതനപദം, പുരുഷോത്തമാഖ്യം യസ്മിൻ അശേഷമൂർതൗ ഇദം അശേഷം ജഗത് രജ്വാം ഭുജംഗമഃ ഇവ പ്രതിഭാസിതം വൈ (തം) അഹം പ്രാതഃ നമാമി.

അർഥം:

തമസ്സിന്നപ്പുറമുള്ളവനും സൂര്യപ്രഭനും പൂർണനും ശാശ്വതമെന്ന പദവും, പുരുഷോത്തമനെന്നു പ്രസിദ്ധനും, ഏതിലാണോ ഈ പ്രപഞ്ചമാസകലം കയറിൽ പാമ്പെന്ന പോലെ കാണപ്പെടുന്നത്, ആ അനന്തമൂർത്തിയെ ഞാൻ പ്രഭാതവേളയിൽ പ്രണമിയ്ക്കുന്നു.

## I.2. ശ്രീ വിഷ്ണുസഹസ്രനാമജപം, അതിനു ശേഷം:

**യദക്ഷരപദഭ്രഷ്ടം മാത്രാഹീനം തു യദ്ഭവേത്**
**തത്സർവം ക്ഷമ്യതാം ദേവ നാരായണ നമോഽസ്തു തേ**

അന്വയം:

യത് അക്ഷരപദഭ്രഷ്ടം മാത്രാഹീനം തു ഭവേത് ഹേ ദേവ, നാരായണ, തത് സർവം ക്ഷമ്യതാം, തേ നമഃ അസ്തു.

അർഥം:

ഏത് അക്ഷരവും പദവും വിട്ടുപോയോ, ഏതു മാത്രയാണോ ഇല്ലാതായത്, അല്ലേ ഭഗവൻ, നാരായണ, അതെല്ലാം ക്ഷമിച്ചാലും. അങ്ങയ്ക്കു നമസ്കാരം.

**അന്യഥാ ശരണം നാസ്തി ത്വമേവ ശരണം മമ**
**തസ്മാത് കാരുണ്യഭാവേന രക്ഷ രക്ഷ മഹാപ്രഭോ**

അന്വയം:

മമ അന്യഥാ ശരണം ന അസ്തി, ത്വം ഏവ ശരണം. തസ്മാത് മഹാപ്രഭോ, കാരുണ്യഭാവേന (മാം) രക്ഷ, രക്ഷ.

അർഥം:

എനിയ്ക്കു വേറെ ഒരു ശരണവുമില്ല. നീതന്നെ ശരണം. അതുകൊണ്ട് മഹാപ്രഭോ, കാരുണ്യഭാവത്തോടെ എന്നെ രക്ഷിയ്ക്കണം, രക്ഷിയ്ക്കണം.

## I. 3. ശ്രീമദ്ഭഗവദ്ഗീതയിലെ ഒന്നോ രണ്ടോ അധ്യായങ്ങൾ പാരായണം ചെയ്യൽ

**ഗീതാപാരായണത്തിനു മുമ്പ്:**

**യം ബ്രഹ്മാവരുണേന്ദ്രരുദ്രമരുതഃ സ്തുന്വന്തി**
**ദിവ്യൈഃ സ്തവൈഃ**
**വേദൈഃ സാങ്ഗപദക്രമോപനിഷദൈഃ**
**ഗായന്തി യം സാമഗാഃ**
**ധ്യാനാവസ്ഥിതതദ്ഗതേന മനസാ**
**പശ്യന്തി യം യോഗിനോ**
**യസ്യാന്തം ന വിദുഃ സുരാസുരഗണാ**
**ദേവായ തസ്മൈ നമഃ**

അന്വയം:

യം ബ്രഹ്മാവരുണേന്ദ്രരുദ്രമരുതഃ വേദൈഃ ദിവ്യൈഃ സ്തവൈഃ സ്തുന്വന്തി, യം സാമഗാഃ സാംഗപദക്രമോപനിഷദൈഃ ഗായന്തി, യം യോഗിനഃ ധ്യാനാവസ്ഥിതതദ്ഗതേന മനസാ പശ്യന്തി, സുരാസുരഗണാഃ യസ്യ അന്തം ന വിദുഃ, തസ്മൈ ദേവായ നമഃ.

അർഥം:

ആരെ ബ്രഹ്മാവ്, വരുണൻ, ഇന്ദ്രൻ, മരുത്തുക്കൾ തുടങ്ങിയവർ ദിവ്യങ്ങളായ വേദസ്തോത്രങ്ങളാൽ സ്തുതിയ്ക്കുന്നുവോ, ആരെ സാമഗായകന്മാർ വേദാംഗങ്ങൾ, പദക്രമം, ഉപനിഷത്ത് എന്നിവയാൽ പാടുന്നുവോ, ആരെ യോഗികൾ ധ്യാനമഗ്നതയാൽ തദ്ഗതമായ മനസ്സുകൊണ്ട് കാണുന്നുവോ, ആരുടെ അന്തം ദേവാസുരാദിഗണങ്ങൾ അറിയുന്നില്ലയോ ആ ദേവന്നു നമസ്കാരം.

**ഗീതാപാരായണത്തിനുശേഷം:**

**ഏകം ശാസ്ത്രം ദേവകീപുത്രഗീതം**
**ഏകോ ദേവോ ദേവകീപുത്ര ഏവ**
**ഏകോ മന്ത്രസ്തസ്യ നാമാനി യാനി**
**കർമാപ്യേകം തസ്യ ദേവസ്യ സേവാ**

ദേവകീപുത്രനാൽ ഗാനംചെയ്യപ്പെട്ട ഗീതമാത്രമാണ് ഒരേ യൊരു ശാസ്ത്രം. ദേവകീപുത്രൻമാത്രമാണ് ഒരേയൊരു ദേവൻ. അദ്ദേഹത്തെ സൂചിപ്പിയ്ക്കുന്ന നാമങ്ങളേതോ, അതു മാത്രമാണ് ഒരേയൊരു മന്ത്രം, ആ ദേവന്നുള്ള സേവമാത്ര മാണ് ഒരേയൊരു പ്രവൃത്തി.

**ശ്രീകൃഷ്ണം യോഗിവര്യം പ്രിയജനസുഖദം**
**ഗോപികാനന്ദകന്ദം**
**ഗീതാതത്ത്വൈകവേദ്യം ഭവഹരണപടും**
**ബുദ്ധമുക്തസ്വഭാവം**
**പാർഥം ഖിന്നം പ്രപശ്യ സ്ഥിരമതിമക-**
**രോദാത്മതത്ത്വോപദേശാദ്-**
**യഃ സർവാത്മാ പ്രഭും തം സ്ഥിരസുഖനിലയം**
**ഭക്തിവശ്യം സ്മരാമി**

അന്വയം:

സർവാത്മാ യഃ പാർഥം ഖിന്നം പ്രപശ്യ ആത്മതത്ത്വോപ ദേശാത് സ്ഥിരമതിം അകരോത് യോഗിവര്യം പ്രിയ ജനസുഖദം ഗോപികാനന്ദകന്ദം ഗീതാതത്ത്വൈകവേദ്യം ഭവഹരണപടും ബുദ്ധമുക്തസ്വഭാവം സ്ഥിരസുഖനിലയം ഭക്തിവശ്യം പ്രഭും തം ശ്രീകൃഷ്ണം (അഹം) സ്മരാമി.

അർഥം:

സർവാത്മാവായ ആർ അർജുനനെ ദു:ഖിതനായിക്കണ്ട് ആത്മതത്ത്വം ഉപദേശിയ്ക്കവഴി ഉറച്ചമനസ്സുള്ളവനാക്കിയോ, യോഗിശ്രേഷ്ഠനും പ്രിയജനങ്ങൾക്കു സുഖം നല്കുന്നവനും ഗോപികൾക്ക് ആനന്ദക്കട്ടയും, ഗീതാതത്ത്വത്താൽമാത്രം അറിയപ്പെടേണ്ടവനും, സംസാരഹരണത്തിനു സമർഥനും ബുദ്ധമുക്തസ്വഭാവനും സ്ഥിരസുഖത്തിനു നിദാനവും ഭക്തിയ്ക്കുമാത്രം അധീനനും പ്രഭുവുമായ ആ ശ്രീകൃഷ്ണനെ നമിയ്ക്കുന്നു.

## I.4. ദീപാരാധന

**ന തത്ര സൂര്യോ ഭാതി ന ചന്ദ്രതാരകം**
**നേമാ വിദ്യുതോ ഭാന്തി കുതോഽയമഗ്നിഃ**
**തമേവ ഭാന്തമനുഭാതി സർവം**
**തസ്യ ഭാസാ സർവമിദം വിഭാതി**

അന്വയം:

തത്ര സൂര്യഃ ന ഭാതി, ചന്ദ്രതാരകം ന, ഇമാ വിദ്യുതഃ ന ഭാന്തി, അയം അഗ്നിഃ കുതഃ (ഭാതി). തം ഭാന്തം ഏവ സർവം അനുഭാതി. തസ്യ ഭാസാ ഇദം സർവം വിഭാതി

അർഥം:

അവിടെ സൂര്യൻ ശോഭിയ്ക്കുന്നില്ല. ചന്ദ്രനും നക്ഷത്രങ്ങളും പ്രകാശിയ്ക്കുന്നില്ല. ഇടിമിന്നലുകളുമില്ല. പിന്നെയാണോ ഈ അഗ്നി? നിത്യപ്രകാശമായി പരിലസിയ്ക്കുന്ന അവനെ പിന്തുടർന്നാണ് എല്ലാംതന്നെ ശോഭിയ്ക്കുന്നത്. അവന്റെ പ്രകാശത്തിലേ ഇതത്രയും തിളങ്ങുന്നുള്ളു.

**യോ വേദാദൗ സ്വരഃ പ്രോക്തോ**
**വേദാന്തേ ച പ്രതിഷ്ഠിതഃ**
**തസ്യ പ്രകൃതിലീനസ്യ**
**യഃ പരഃ സ മഹേശ്വരഃ**

അന്വയം:

യഃ സ്വരഃ വേദാദൗ പ്രോക്തഃ, വേദാന്തേ ച, പ്രതിഷ്ഠിതഃ പ്രകൃതിലീനസ്യ തസ്യ യഃ പരഃ സഃ മഹേശ്വരഃ.

വേദത്തിന്റെ തുടക്കത്തിൽ പറയപ്പെട്ടതും, വേദാന്തത്തിൽ വിശദമായി സ്ഥാപിയ്ക്കപ്പെട്ടതും, പ്രകൃതി ചെന്നുലയിയ്ക്കുന്നതിന്റെ അപ്പുറത്തുള്ളതുമായ ആ പരമതത്ത്വമാണ് മഹേശ്വരൻ.

**യഥാ നദ്യഃ സ്യന്ദമാനാഃ സമുദ്രേ-**
**സ്തം ഗച്ഛന്തി നാമരൂപേ വിഹായ**
**തഥാ വിദ്വാൻ നാമരൂപാദ്വിമുക്തഃ**
**പരാത്പരം പുരുഷമുപൈതി ദിവ്യം**

ഒഴുകുന്ന നദികൾ സമുദ്രത്തിൽ നാമരൂപങ്ങൾ വിട്ട് എങ്ങനെ ലയിച്ചൊന്നൊയിത്തീരുന്നുവോ, അതുപോലെ തത്ത്വജ്ഞൻ നാമരൂപത്തിൽനിന്നു മുക്തനായി ഏറ്റവും ഉത്കൃഷ്ടമായ ദിവ്യപുരുഷത്വം കൈവരിയ്ക്കുന്നു.

## I.5. ശാന്തിമന്ത്രങ്ങൾ

**ഓം പൂർണമദഃ പൂർണമിദം പൂർണാത്പൂർണമുദച്യതേ**
**പൂർണസ്യ പൂർണമാദായ പൂർണമേവാവശിഷ്യതേ**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

അതു പൂർണം, ഇതും പൂർണം. പൂർണത്തിൽനിന്നു പൂർണമെടുത്തിട്ടും പൂർണംതന്നെ അവശേഷിയ്ക്കുന്നു. അനന്തബ്രഹ്മത്തിൽനിന്ന് അനന്തപ്രപഞ്ചം ഉദ്ഭവിച്ചിട്ടും അനന്തംതന്നെയാണ് ബാക്കിനില്ക്കുന്നത്.

ഓം ശാന്തി ശാന്തി ശാന്തി.

**ഓം ശന്നോ മിത്രഃ ശം വരുണഃ**
**ശന്നോ ഭവത്വര്യമാ**
**ശന്ന ഇന്ദ്രോ ബൃഹസ്പതിഃ**
**ശന്നോ വിഷ്ണുരുരുക്രമഃ**
**നമോ ബ്രഹ്മണേ നമസ്തേ വായോ**
**ത്വമേവ പ്രത്യക്ഷം ബ്രഹ്മാസി**
**ത്വാമേവ പ്രത്യക്ഷം ബ്രഹ്മ വദിഷ്യാമി**
**ഋതം വദിഷ്യാമി സത്യം വദിഷ്യാമി**
**തന്മാമവതു തദ്വക്താരമവതു**
**അവതു മാം അവതു വക്താരം**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

മിത്രൻ നമുക്കു മംഗളമരുളട്ടെ. വരുണൻ, അര്യമാവ്, ഇന്ദ്രൻ, ബൃഹസ്പതി, ത്രിവിക്രമനായ വിഷ്ണു നമുക്കു മംഗളമരുളട്ടെ. ബ്രഹ്മത്തിനു നമസ്കാരം, അല്ലയോ വായോ അങ്ങേയ്ക്കു നമസ്കാരം; അങ്ങുതന്നെ പ്രത്യക്ഷബ്രഹ്മം. അങ്ങയെത്തന്നെ പ്രത്യക്ഷബ്രഹ്മമായി പറയുന്നു. ഞാൻ

ളുതം പറയാം. സത്യം പറയാം. അതെന്നെ രക്ഷിയ്ക്കട്ടെ. അതു വക്താവിനെ രക്ഷിയ്ക്കട്ടെ. എന്നെ രക്ഷിയ്ക്കട്ടെ, വക്താവിനേയും രക്ഷിയ്ക്കട്ടെ.

ഓം ശാന്തി ശാന്തി ശാന്തി.

**ഓം സഹ നാവവതു സഹ നൗ ഭുനക്തു**
**സഹ വീര്യം കരവാവഹൈ**
**തേജസ്വിനാവധീതമസ്തു മാ വിദ്വിഷാവഹൈ**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

ഞങ്ങളിരുവരേയും (ആചാര്യനേയും ശിഷ്യനേയും) രക്ഷിയ്ക്കട്ടെ. നമുക്കിരുവർക്കും ആഹാരപോഷണം നല്കട്ടെ. നാമിരുവരും വീര്യത്തോടെ പ്രവർത്തിയ്ക്കുമാറാകട്ടെ. നാം പഠിയ്ക്കുന്നതെല്ലാം വേണ്ടുംവണ്ണം പ്രകാശിയ്ക്കട്ടെ. തമ്മിൽ വിദ്വേഷമോ വെറുപ്പോ ഉണ്ടാകാതിരിയ്ക്കട്ടെ.

ഓം ശാന്തി ശാന്തി ശാന്തി.

**ഓം യശ്ഛന്ദസാമൃഷഭോ വിശ്വരൂപഃ**
**ഛന്ദോഭ്യോƒധ്യമൃതാത് സംബഭൂവ**
**സ മേന്ദ്രോ മേധയാ സ്പൃണോതു**
**അമൃതസ്യ ദേവധാരണോ ഭൂയാസം**
**ശരീരം മേ വിചർഷണം**
**ജിഹ്വാ മേ മധുമത്തമാ**
**കർണാഭ്യാം ഭൂരി വിശ്രുവം**
**ബ്രഹ്മണഃ കോശോƒസി മേധയാ പിഹിതഃ**
**ശ്രുതം മേ ഗോപായ**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

വേദങ്ങളിലെ മികച്ച ശബ്ദമാണ് ഓം. അതിന്റെ സ്ഫുരണമാണ് ഈ വിശ്വം. അത് അമൃതസ്ഫുലിംഗങ്ങളിൽനി

ന്നാണ് ഉദ്ഭവിച്ചത്. ആ തിളങ്ങുന്ന പ്രണവം (ഓം) എനിയ്ക്കു ബുദ്ധി നല്കട്ടെ, അമൃതത്വം ചൊരിയുന്ന ജ്ഞാനവാഹകനാകട്ടെ ഞാൻ. എന്റെ ശരീരം ഇതിനു തക്കതാകട്ടെ. നാവു മധുരമായി സംസാരിയ്ക്കട്ടെ. എന്റെ രണ്ടു കാതുകൊണ്ടും ഞാൻ അധ്യാത്മസത്യങ്ങൾ ആവോളം കേൾക്കട്ടെ. അല്ലേ പ്രണവമേ, നീ ബുദ്ധിയിൽ ഒളിച്ചുവെച്ചിരിയ്ക്കുന്ന പരമചൈതന്യകണമാണ്. എന്റെ ജ്ഞാനത്തെ സംരക്ഷിച്ചാലും.

ഓം ശാന്തി ശാന്തി ശാന്തി.

**ഓം അഹം വൃക്ഷസ്യ രേരിവ**
**കീർതിഃ പൃഷ്ഠം ഗിരേരിവ**
**ഊർധ്വപവിത്രോ വാജിനീവ സ്വമൃതമസ്മി**
**ദ്രവിണം സവർചസം**
**സുമേധാ അമൃതോക്ഷിതഃ**
**ഇതി ത്രിശങ്കോർവേദാനുവചനം**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

ഞാൻ സംസാരവൃക്ഷത്തിന്റെ ബീജമാണ്. എന്റെ കീർത്തി പർവതശിഖരംപോലെ ഉയരുന്നു. സൂര്യനെ പ്പോലെ ഉയർന്നും പവിത്രവുമായ ഞാൻ വാസ്തവത്തിൽ അമർത്യനാണ്. എന്റെ ധനം ബ്രഹ്മത്തിന്റെ പരമപ്രകാശ മാണ്. ഞാൻ മാറ്റമേശാത്തതും അവിനാശിയുമായ തിളക്കം തന്നെ. ഇതാണ് ത്രിശങ്കുമഹർഷിയുടെ ജ്ഞാനസന്ദേശം.

ഓം ശാന്തി ശാന്തി ശാന്തി.

**ഓം ആപ്യായന്തു മമാങ്ഗാനി വാക്പ്രാണശ്ചക്ഷുഃ**
**ശ്രോത്രമഥോ ബലമിന്ദ്രിയാണി ച സർവാണി**
**സർവം ബ്രഹ്മൗപനിഷദം**
**മാഹം ബ്രഹ്മ നിരാകുര്യാം**
**മാ മാ ബ്രഹ്മ നിരാകരോദനിരാകരണമസ്തു**
**അനിരാകരണം മേഽസ്തു**
**തദാത്മനി നിരതേ യ ഉപനിഷത്സു**
**ധർമാസ്തേ മയി സന്തു തേ മയി സന്തു**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

എന്റെ എല്ലാ അംഗങ്ങളും, വാക്കും പ്രാണനും നേത്രങ്ങളും ചെവിയും ശക്തിയും സർവേന്ദ്രിയങ്ങളും സംപുഷ്ടമാകട്ടെ. ഉപനിഷത്തുകൾ വാഴ്ത്തുന്ന ബ്രഹ്മംതന്നെയാണ് എല്ലാം. ഞാൻ ബ്രഹ്മത്തെ ഒരിയ്ക്കലും നിരാകരിയ്ക്കരുതേ. ബ്രഹ്മം എന്നേയും നിരാകരിയ്ക്കരുതേ. ഉപനിഷത്തുകളിൽ വിവരിയ്ക്കുന്ന ധാർമികമൂല്യങ്ങൾ എന്നിലുണ്ടാകണേ. അവ എനിയ്ക്കു സിദ്ധിയ്ക്കണേ.

ഓം ശാന്തി ശാന്തി ശാന്തി.

**ഓം വാങ് മേ മനസി പ്രതിഷ്ഠിതാ**
**മനോ മേ വാചി പ്രതിഷ്ഠിതം**
**ആവിരാവീർമ ഏധി വേദസ്യ മ ആണീസ്ഥഃ**
**ശ്രുതം മേ മാ പ്രഹാസീഃ**
**അനേനാധീതേനാഹോരാത്രാൻ സംദധാമി**
**ഋതം വദിഷ്യാമി സത്യം വദിഷ്യാമി**
**തന്മാമവതു തദ്വക്താരമവതു അവതു മാം**
**അവതു വക്താരം അവതു വക്താരം**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

എന്റെ വാക്കു മനസ്സിലുറയ്ക്കട്ടെ. മനസ്സ് വാക്കിലുറയ്ക്കട്ടെ. സ്വയംപ്രകാശമായ ബ്രഹ്മമേ എന്നിൽ വെളിപ്പെട്ടാലും. വേദത്തിന്റെ പൊരുളും സന്ദേശവും എന്നിൽ ഉദിയ്ക്കട്ടെ. ഞാൻ പഠിച്ചത് എന്നെ വിട്ടുപോകരുതേ. ഇപ്പഠിച്ചതിന്മേൽ രാവും പകലും ഞാൻ വിചാരംചെയ്യുമാറാകണേ. ഞാൻ നേരും ചൊവ്വും പറയേണമേ, ഞാൻ സത്യം പറയേണമേ. അതെന്നെ രക്ഷിയ്ക്കണേ. അതു വക്താവിനെ രക്ഷിയ്ക്കണേ. എന്നെ രക്ഷിയ്ക്കണേ. വക്താവിനെ രക്ഷിയ്ക്കണേ.

ഓം ശാന്തി ശാന്തി ശാന്തി.

**ഓം ഭദ്രം നോഽപി വാതയ മനഃ**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

ഞങ്ങളുടെ മനസ്സ് ഭദ്രമായതിനെ പ്രസരിപ്പിയ്ക്കട്ടെ.

ഓം ശാന്തി ശാന്തി ശാന്തി.

**ഓം ഭദ്രം കർണേഭിഃ ശൃണുയാമ ദേവാഃ**
**ഭദ്രം പശ്യേമാക്ഷഭിർയജത്രാഃ**
**സ്ഥിരൈരങ്ഗൈസ്തുഷ്ടുവാംസസ്തനൂഭിഃ**
**വ്യശേമ ദേവഹിതം യദായുഃ**
**സ്വസ്തി ന ഇന്ദ്രോ വൃദ്ധശ്രവാഃ**
**സ്വസ്തി നഃ പൂഷാ വിശ്വവേദാഃ**
**സ്വസ്തി നസ്താർക്ഷ്യോ അരിഷ്ടനേമിഃ**
**സ്വസ്തി നോ ബൃഹസ്പതിർദധാതു**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

അല്ലയോ ദേവന്മാരേ, ഞങ്ങളുടെ കാതുകൾ ഭദ്രമായതു കേൾക്കട്ടെ. യജനശീലരായ ഞങ്ങളുടെ കണ്ണുകൾ ഭദ്രമായതു കാണട്ടെ. സുദൃഢമായ അവയവങ്ങളോടെ നിങ്ങളെ

പ്രകീർത്തിച്ചുകൊണ്ട് ദേവഹിതാനുസാരം ജീവിതത്തെ നയിയ്ക്കട്ടെ. മഹായശസ്വിയായ ഇന്ദ്രനും, എല്ലാം അറിയുന്ന സൂര്യനും, ഒരു പ്രതിബന്ധവുമില്ലാതെ സർവാപത്തുകളും തരണംചെയ്യുന്ന ഗരുഡനും ദേവഗുരുവായ ബൃഹസ്പതിയും ഞങ്ങൾക്കു സ്വസ്തി അരുളട്ടെ.

ഓം ശാന്തി ശാന്തി ശാന്തി.

**ഓം യോ ബ്രഹ്മാണം വിദധാതി പൂർവം**
**യോ വൈ വേദാംശ്ച പ്രഹിണോതി തസ്മൈ**
**തം ഹ ദേവമാത്മ-ബുദ്ധിപ്രകാശം**
**മുമുക്ഷുർവൈ ശരണമഹം പ്രപദ്യേ**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

ആർ സൃഷ്ടികർത്താവായ ബ്രഹ്മാവിനെ ആദ്യമായി സൃഷ്ടിച്ച് അദ്ദേഹത്തിനു വേദങ്ങൾ ഉപദേശിച്ചുവോ, ആത്മബുദ്ധിപ്രകാശകനായ ആ ദേവനെ മുമുക്ഷുവായ ഞാൻ ശരണമടയുന്നു.

ഓം ശാന്തി ശാന്തി ശാന്തി. ◆

ശബ്ദം നാഭിയിൽനിന്നുതന്നെ വേണം വരാൻ. ശ്ലോകം ചൊല്ലുമ്പോൾ അതു സശ്രദ്ധം കേട്ട്, ഒരോ വാക്കിലുമുള്ള അർഥം ഭാവനചെയ്താൽ, അനുഭവപ്പെടുന്ന സംഗ്രഥനവും സംയുക്തതയും സാമഞ്ജസ്യവും അവാച്യമായ ആനന്ദസ്പന്ദനങ്ങൾ രചിയ്ക്കുന്നു.

സ്വാമിജി

# II പുഷ്പസമർപ്പണം

**(ശ്രീ ഗുരുപാദപദ്മങ്ങളിൽ ശ്രദ്ധാഭക്തിപൂർവം പുഷ്പങ്ങളർപ്പിയ്ക്കൽ)**

## II.1. ഗുരുസ്തോത്രങ്ങൾ

**ജന്മാനേകശതൈഃ സദാദരയുജാ**
**ഭക്ത്യാ സമാരാധിതോ**
**ഭക്തൈർവൈദികലക്ഷണേന വിധിനാ**
**സന്തുഷ്ട ഈശഃ സ്വയം**
**സാക്ഷാച്ഛ്രീഗുരുരൂപമേത്യ കൃപയാ**
**ദൃഗ്ഗോചരഃ സൻ പ്രഭുഃ**
**തത്ത്വം സാധു വിബോധ്യ താരയതി താൻ**
**സംസാരദുഃഖാർണവാത്**

അന്വയം:

ഭക്തൈഃ ജന്മാനേകശതൈഃ വൈദികലക്ഷണേന വിധിനാ സദാദരയുജാ ഭക്ത്യാ സമാരാധിതഃ സന്തുഷ്ടഃ ഈശഃ കൃപയാ സ്വയം സാക്ഷാത് ശ്രീഗുരുരൂപം ഏത്യ ദൃഗ്ഗോചരഃ പ്രഭുഃ സൻ താൻ (ഭക്താൻ) തത്ത്വം സാധു വിബോധ്യ സംസാരദു:ഖാർണവാത് താരയതി.

അർഥം:

നൂറുകണക്കു ജന്മങ്ങളിൽ നല്ല ആദരപൂർവമുള്ള ഭക്തിയോടെ വേദവിധിയ്ക്കൊത്ത് ആരാധിയ്ക്കപ്പെടുമ്പോഴാണ് ഭഗവാൻ തുഷ്ടനായി ദാക്ഷിണ്യപൂർവം സ്വമേധയാ ശ്രീഗുരുരൂപത്തിൽ പ്രത്യക്ഷപ്പെട്ട് അവരെ പരമാർഥതത്ത്വം നല്ലപോലെ ഉദ്ബോധിപ്പിച്ചു സംസാരദു:ഖസാഗരത്തിൽനിന്നു മോചിപ്പിയ്ക്കുന്നത്.

**പൂർണാനന്ദരസാനുഭൂതിസഹിത**
**സ്മേരപ്രസന്നാനനം**
**പൂർണേന്ദുപ്രഭമാത്മബോധനിലയം**
**ശാന്തം നിരീഹം പരം**
**നിത്യാനിത്യവിചാരസാരചതുരം**
**നിർമത്സരം പാവനം**
**ശ്രീഭൂമാനന്ദമഹം നതോ്യസ്മി**
**കലിതാനന്ദം പരം ശ്രേയസേ**

അന്വയം:

പൂർണാനന്ദരസാനുഭൂതിസഹിതസ്മേരപ്രസന്നാനനം പൂർണേന്ദുപ്രഭം ആത്മബോധനിലയം ശാന്തം നിരീഹം നിത്യാനിത്യവിചാരസാരചതുരം നിർമത്സരം പാവനം പരം കലിതാനന്ദം ശ്രീഭൂമാനന്ദം അഹം പരം ശ്രേയസേ നതഃ അസ്മി.

അർഥം:

പൂർണമായ ആനന്ദരസാനുഭൂതി കലർന്ന പുഞ്ചിരിയാൽ പ്രസന്നമുഖനും, പൂർണചന്ദ്രനൊത്ത പ്രഭ പരത്തുന്നവനും, ആത്മബോധനിലയവും, ശാന്തനും, ആഗ്രഹമില്ലാത്തവനും, നിത്യത്തേയും അനിത്യത്തേയും കുറിച്ച് ആലോചിച്ചുനിശ്ചയിയ്ക്കുന്നതിൽ നിപുണനും, മത്സരബുദ്ധിയില്ലാത്തവനും, പവിത്രനും, ശ്രേഷ്ഠനും, പരമാനന്ദസ്വരൂപനുമായ ശ്രീഭൂമാനന്ദനെ പരമമായ ശ്രേയസ്സിനുവേണ്ടി ഞാൻ പ്രണമിയ്ക്കുന്നു.

## II.2. ഗുരുഗീത

**ഗുരുർബ്രഹ്മാ ഗുരുർവിഷ്ണുഃ ഗുരുർദേവോ മഹേശ്വരഃ**
**ഗുരുഃ സാക്ഷാത് പരം ബ്രഹ്മ തസ്മൈ ശ്രീ ഗുരവേ നമഃ**

ഗുരുതന്നെ ബ്രഹ്മാവ്, ഗുരുതന്നെ വിഷ്ണു, ഗുരുതന്നെ മഹേശ്വരൻ. ഗുരുതന്നെ പരബ്രഹ്മം. ആ ഗുരുവിന്നു നമസ്കാരം.

**അജ്ഞാനതിമിരാന്ധസ്യ ജ്ഞാനാഞ്ജനശലാകയാ**
**ചക്ഷുരുന്മീലിതം യേന തസ്മൈ ശ്രീ ഗുരവേ നമഃ**

ആരാൽ അജ്ഞാനതിമിരം അന്ധമാക്കിയ കണ്ണിനു ജ്ഞാനാഞ്ജനസൂചിയാൽ കാഴ്ച നല്കപ്പെട്ടുവോ ആ ശ്രീഗുരുവിന്നു നമസ്കാരം.

**അഖണ്ഡമണ്ഡലാകാരം വ്യാപ്തം യേന ചരാചരം**
**തത്പദം ദർശിതം യേന തസ്മൈ ശ്രീഗുരവേ നമഃ**

ഏതാണോ സമസ്തപ്രപഞ്ചമായ ജഡചേതനങ്ങളിൽ നിറഞ്ഞുനില്ക്കുന്നത്, ആ പരമാത്മപദത്തെ കാട്ടിത്തന്ന ശ്രീഗുരുവിന്നു നമസ്കാരം.

**ചൈതന്യഃ ശാശ്വതഃ ശാന്തോ വ്യോമാതീതോ നിരഞ്ജനഃ**
**ബിന്ദുനാദകലാതീതഃ തസ്മൈ ശ്രീഗുരവേ നമഃ**

ചൈതന്യരൂപിയും, എന്നും നിലനില്ക്കുന്നവനും, ശാന്തനും, ആകാശത്തിനതീതവും, ഒരു കറയുമേശാത്തവനും, ബിന്ദുനാദകലകൾക്ക് ഉപരിയുമായ ശ്രീഗുരുവിന്നു പ്രണാമം.

**സ്ഥാവരം ജങ്ഗമം വ്യാപ്തം യേന കൃത്സ്നം ചരാചരം**
**തത്പദം ദർശിതം യേന തസ്മൈ ശ്രീഗുരവേ നമഃ**

എന്താണോ സ്ഥാവരജംഗമത്തിലും ചരാചരവുമാകെ വ്യാപിച്ചിരിയ്ക്കുന്നത്, അതിനെ കാട്ടിത്തന്ന ശ്രീഗുരുവിന്നു പ്രണാമാഞ്ജലി.

**അനേകജന്മസംപ്രാപ്തകർമേന്ധനവിദാഹിനേ**
**ആത്മജ്ഞാനാഗ്നിദാനേന തസ്മൈ ശ്രീഗുരവേ നമഃ**

അനേകജന്മങ്ങളിലായി ശേഖരിച്ച കർമവിറകുകളെല്ലാം ആത്മജ്ഞാനാഗ്നി തന്നു കത്തിച്ചുകളഞ്ഞ ശ്രീഗുരുവിന്നു നമസ്കാരം.

**ന ഗുരോരധികം തത്ത്വം ന ഗുരോരധികം തപഃ**
**തത്ത്വജ്ഞാനാത്പരം നാസ്തി തസ്മൈ ശ്രീഗുരവേ നമഃ**

ഗുരുവെ വിട്ടൊരു തത്ത്വമോ ഗുരുവെ വിട്ടൊരു തപസ്സോ ഇല്ല. തത്ത്വജ്ഞാനത്തിനുപരി ഒന്നുമില്ല. അത്തരം ശ്രീഗുരുവിന്നു നമസ്കാരം.

**മന്നാഥഃ ശ്രീജഗന്നാഥോ മദ്ഗുരുഃ ശ്രീജഗദ്ഗുരുഃ**
**മദാത്മാ സർവഭൂതാത്മാ തസ്മൈ ശ്രീഗുരവേ നമഃ**

ജഗത്തിന്റെ നാഥൻതന്നെ എന്റെ നാഥൻ. എന്റെ ഗുരു ജഗത്തിന്റെ മുഴുവനും ഗുരുവാണ്. എന്റെ ആത്മാവോ, സർവഭൂതങ്ങളുടേയും ആത്മാവും. ഇതെല്ലാം ഒന്നായിട്ടുള്ള ശ്രീഗുരുവിന്നു നമസ്കാരം.

**ധ്യാനമൂലം ഗുരോർമൂർതിഃ പൂജാമൂലം ഗുരോഃ പദം**
**മന്ത്രമൂലം ഗുരോർവാക്യം മോക്ഷമൂലം ഗുരോഃ കൃപാ**

ധ്യാനത്തിന് അധിഷ്ഠാനം ഗുരുവിന്റെ മൂർത്തിതന്നെ. പൂജയ്ക്കാധാരം ഗുരുപാദങ്ങളും. മന്ത്രത്തിനോ ഗുരുവിന്റെ വാക്യംതന്നെ. മോക്ഷകാരണം ഗുരുകൃപയും.

**ഗുരുരാദിരനാദിശ്ച ഗുരുഃ പരമദൈവതം**
**ഗുരോഃ പരതരം നാസ്തി തസ്മൈ ശ്രീഗുരവേ നമഃ**

എല്ലാറ്റിന്റേയും ആദിയായ ഗുരു അനാദിയുമാണ്. ഗുരുതന്നെ പരമദൈവം. ഗുരുവിൽനിന്നു പരമായി ഒന്നുമില്ല. ആ ശ്രീഗുരുവിന്നു നമസ്കാരം.

**ബ്രഹ്മാനന്ദം പരമസുഖദം കേവലം ജ്ഞാനമൂർതിം**
**ദ്വന്ദ്വാതീതം ഗഗനസദൃശം തത്ത്വമസ്യാദിലക്ഷ്യം**
**ഏകം നിത്യം വിമലമചലം സർവധീസാക്ഷിഭൂതം**
**ഭാവാതീതം ത്രിഗുണരഹിതം സദ്ഗുരും തം നമാമി**

ബ്രഹ്മാനന്ദവും, പരമസുഖം പ്രദാനംചെയ്യുന്നവനും, രണ്ടാമതൊന്നിന് ഇടംകൊടുക്കാത്തവനും, ജ്ഞാനം മൂർത്തിമത്തായവനും, സുഖദുഃഖങ്ങൾ ജനിപ്പിയ്ക്കുന്ന സർവദ്വന്ദ്വങ്ങൾക്കും അതീതനും, ആകാശസദൃശനും, 'തത്ത്വമസി' മുതലായ മഹാവാക്യങ്ങൾ സൂചിപ്പിയ്ക്കുന്നവനും, ഏകനും നിത്യനും വിമലനും ചലനമേശാത്തവനും, സർവബുദ്ധിവൃത്തികൾക്കും സാക്ഷിയായുള്ളവനും, ഭാവങ്ങൾക്കതീതനും ത്രിഗുണങ്ങൾ സ്പർശിയ്ക്കാത്തവനുമായ ആ സദ്ഗുരുവിനെ ഞാൻ നമിയ്ക്കുന്നു.

## II.3. ഗുർവഷ്ടകം

**ശരീരം സുരൂപം തഥാ വാ കലത്രം**
**യശശ്ചാരു ചിത്രം ധനം മേരുതുല്യം**
**മനശ്ചേന്ന ലഗ്നം ഗുരോരംഘ്രിപദ്മേ**
**തതഃ കിം തതഃ കിം തതഃ കിം തതഃ കിം**

സുന്ദരശരീരവും, അതുപോലെ അഴകുള്ള ഭാര്യയും, ആകർഷകമായ കീർത്തിയും, മേരുതുല്യം ധനവും;

എന്നിട്ടും മനസ്സ് ഗുരുവിന്റെ പാദകമലങ്ങളിൽ ലഗ്നമല്ലെങ്കിൽ അതുകൊണ്ടെന്തു കാര്യം, എന്തു കാര്യം, എന്തു കാര്യം?

**കലത്രം ധനം പുത്രപൗത്രാദി സർവം**
**ഗൃഹം ബാന്ധവാഃ സർവമേതദ്ധി ജാതം**
**മനശ്ചേന്ന ലഗ്നം ഗുരോരംഘ്രിപദ്മേ**
**തതഃ കിം തതഃ കിം തതഃ കിം തതഃ കിം**

ഭാര്യ, ധനം, പുത്രൻ, പൗത്രൻ, വീട്, ബന്ധുക്കൾ എന്നിവയെല്ലാമുണ്ടു; എന്നിട്ടും മനസ്സ് ഗുരുവിന്റെ പാദകമലങ്ങളിൽ ലഗ്നമല്ലെങ്കിൽ അതുകൊണ്ടെന്തു കാര്യം, എന്തു കാര്യം, എന്തു കാര്യം?

**ഷഡങ്ഗാദിവേദോ മുഖേ ശാസ്ത്രവിദ്യാ**
**കവിത്വാദി ഗദ്യം സുപദ്യം കരോതി**
**മനശ്ചേന്ന ലഗ്നം ഗുരോരംഘ്രിപദ്മേ**
**തതഃ കിം തതഃ കിം തതഃ കിം തതഃ കിം**

ആറുവേദാംഗങ്ങളോടുകൂടിയ വേദങ്ങളും, ശാസ്ത്രജ്ഞാനവും മുഖസ്ഥമാണെങ്കിലും, കാവ്യവും ഗദ്യവും പദ്യവും രചിയ്ക്കുന്നു; എങ്കിലും മനസ്സ് ഗുരുവിന്റെ പാദകമലങ്ങളിൽ ലഗ്നമല്ലെങ്കിൽ അതുകൊണ്ടെന്തു കാര്യം, എന്തു കാര്യം, എന്തു കാര്യം?

**വിദേശേഷു മാന്യഃ സ്വദേശേഷു ധന്യഃ**
**സദാചാരവൃത്തേഷു മത്തോ ന ചാന്യഃ**
**മനശ്ചേന്ന ലഗ്നം ഗുരോരംഘ്രിപദ്മേ**
**തതഃ കിം തതഃ കിം തതഃ കിം തതഃ കിം**

വിദേശങ്ങളിൽ മാന്യനാണ്, സ്വന്തംനാട്ടിൽ ധന്യനും. നല്ല

നടപടികളിൽ തന്നേക്കാൾ മേലെയല്ല ആരുമെന്ന നില യാണ്; എന്നിട്ടും മനസ്സ് ഗുരുവിന്റെ പാദകമലങ്ങളിൽ ലഗ്നമല്ലെങ്കിൽ അതുകൊണ്ടെന്തു കാര്യം, എന്തു കാര്യം, എന്തു കാര്യം?

**ക്ഷമാമണ്ഡലേ ഭൂപഭൂപാലവൃന്ദൈഃ**
**സദാ സേവിതം യസ്യ പാദാരവിന്ദം**
**മനശ്ചേന്ന ലഗ്നം ഗുരോരംഘ്രിപദ്മേ**
**തതഃ കിം തതഃ കിം തതഃ കിം തതഃ കിം**

തന്റെ കാലിണകമലങ്ങളെ ഭൂമിയിലെ സർവരാജാക്കന്മാ രും ചക്രവർത്തിമാരും പൂജിയ്ക്കുന്നു; എന്നാലും മനസ്സ് ഗുരുവിന്റെ പാദകമലങ്ങളിൽ ലഗ്നമല്ലെങ്കിൽ അതുകൊ ണ്ടെന്തു കാര്യം, എന്തു കാര്യം, എന്തു കാര്യം?

**യശോ മേ ഗതം ദിക്ഷു ദാനപ്രതാപാത്**
**ജഗദ്വസ്തു സർവം കരേ യത്പ്രസാദാത്**
**മനശ്ചേന്ന ലഗ്നം ഗുരോരംഘ്രിപദ്മേ**
**തതഃ കിം തതഃ കിം തതഃ കിം തതഃ കിം**

ധാരാളം ദാനംചെയ്യുന്നതിനാൽ സ്വന്തം കീർത്തി സർവദിക്കുകളിലും വ്യാപിയ്ക്കയും, ആരുടെ അനുഗ്രഹ ത്താൽ പ്രപഞ്ചവസ്തുക്കളെല്ലാം കരഗതമാകയും ചെയ്തി രിയ്ക്കുന്നുവോ, ആ ഗുരുവിന്റെ പാദകമലങ്ങളിൽ മനസ്സ് ലഗ്നമല്ലെങ്കിൽ അതുകൊണ്ടെന്തു കാര്യം, എന്തു കാര്യം, എന്തു കാര്യം?

**ന ഭോഗേ ന യോഗേ ന വാ വാജിരാജൗ**
**ന കാന്താമുഖേ നൈവ വിത്തേഷു ചിത്തം**
**മനശ്ചേന്ന ലഗ്നം ഗുരോരംഘ്രിപദ്മേ**
**തതഃ കിം തതഃ കിം തതഃ കിം തതഃ കിം**

മനസ്സ് ഭോഗത്തിലില്ല, യോഗത്തിലുമില്ല, മൃഗക്കൂട്ടങ്ങളിലി ല്ല, ഭാര്യാസുഖത്തിലും ധനത്തിലുമില്ല; എന്നാലുംതന്നെ ഗുരുവിന്റെ പാദകമലങ്ങളിൽ ലഗ്നമല്ലെങ്കിൽ അതുകൊ ണ്ടെന്തു കാര്യം, എന്തു കാര്യം, എന്തു കാര്യം?

**അരണ്യേ ന വാ സ്വസ്യ ഗേഹേ ന കാര്യേ**
**ന ദേഹേ മനോ വർതതേ മേ ത്വനർഘ്യേ**
**മനശ്ചേന്ന ലഗ്നം ഗുരോരംഘ്രിപദ്മേ**
**തതഃ കിം തതഃ കിം തതഃ കിം തതഃ കിം**

എന്റെ മനസ്സ് വനത്തിലില്ല, സ്വന്തം വീട്ടിലില്ല, പ്രവൃത്തിയി ലില്ല. ദേഹത്തിലില്ല; എന്നാലും മനസ്സ് അനർഘ്യമായ ഗുരുവിന്റെ പാദകമലങ്ങളിൽ ലഗ്നമല്ലെങ്കിൽ അതുകൊ ണ്ടെന്തു കാര്യം, എന്തു കാര്യം, എന്തു കാര്യം?

**ഗുരോരഷ്ടകം യഃ പഠേത്പുണ്യദേഹീ**
**യതിർഭൂപതിർബ്രഹ്മചാരീ ച ഗേഹീ**
**ലഭേദ്വാഞ്ഛിതാർഥം പദം ബ്രഹ്മസംജ്ഞം**
**ഗുരോരുക്തവാക്യേ മനോ യസ്യ ലഗ്നം**

ആർ ഗുരുവിനെക്കുറിച്ചുള്ള ഈ അഷ്ടകം പഠിയ്ക്കുമോ, ആരുടെ മനസ്സ് ഇപ്പറഞ്ഞ ഗുരുവാക്യങ്ങളിൽ പതിഞ്ഞിരി യ്ക്കുമോ, ആ പുണ്യാത്മാവ് സംന്യാസിയോ, രാജാവോ, ബ്രഹ്മചാരിയോ, ഗൃഹസ്ഥനോ ആകട്ടെ, ആഗ്രഹിയ്ക്കു ന്ന ലക്ഷ്യമായ ബ്രഹ്മപദം നേടും.

## II.4. സമാപന സ്തോത്രങ്ങൾ

**ത്വമേവ മാതാ ച പിതാ ത്വമേവ**
**ത്വമേവ ബന്ധുശ്ച സഖാ ത്വമേവ**
**ത്വമേവ വിദ്യാ ദ്രവിണം ത്വമേവ**
**ത്വമേവ സർവം മമ ദേവദേവ**

അങ്ങുതന്നെ എന്റെ അമ്മയും അച്ഛനും, അങ്ങുതന്നെ ബന്ധുവും. സ്നേഹിതൻ അങ്ങുതന്നെ. അങ്ങാണ് അറിവ്, സമ്പത്തും. എന്റെ സർവവും ദേവദേവ, അങ്ങുതന്നെ.

**യത്രൈവ യത്രൈവ മനോ മദീയം**
**തത്രൈവ തത്രൈവ തവ സ്വരൂപം**
**യത്രൈവ യത്രൈവ ശിരോ മദീയം**
**തത്രൈവ തത്രൈവ പദദ്വയം തേ**

എവിടെവിടെയോ എന്റെ മനസ്സ് അവിടവിടെയൊക്കെ അങ്ങയുടെ സ്വരൂപംതന്നെ. എവിടെവിടെ എന്റെ ശിരസ്സു പതിയുന്നുവോ അവിടവിടെയുണ്ട് അങ്ങയുടെ പുണ്യപാദങ്ങൾ.

**യസ്യാന്തർനാദിമധ്യം ന ഹി കരചരണം**
**നാമഗോത്രം ന സൂത്രം**
**നോ ജാതിർനൈവ വർണം ന ഭവതി പുരുഷോ**
**നോ നപുംസം ന ച സ്ത്രീ**
**നാകാരം നോ വികാരം ന ഹി ജനിമരണം**
**നാസ്തി പുണ്യം ന പാപം**
**നോഽതത്ത്വം തത്ത്വമേകം സഹജസമരസം**
**സദ്ഗുരും തം നമാമി**

ആർക്ക് ആദിമധ്യാന്തങ്ങൾ ഇല്ലയോ, കൈകാലുകളോ പേരോ ഗോത്രമോ സൂത്രമോ ഇല്ലയോ, ജാതിയില്ലയോ,

വർണമില്ലയോ, ആരാണോ പുരുഷനല്ലയോ, നപുംസകവും സ്ത്രീയുമല്ലയോ, ആകാരമില്ലയോ, വികാരമില്ലയോ, ജനിമരണങ്ങളോ പുണ്യവും പാപവുമില്ലയോ, സഹജമായ സമരസമെന്ന ഏകതത്ത്വമായ, മറ്റൊന്നുമല്ലാത്ത, ആ സദ്ഗുരുവിനെ ഞാൻ നമസ്കരിയ്ക്കുന്നു. ◆

പദ്യസാഹിത്യത്തിലൂടെയാണ് ധാർമികവും അധ്യാത്മവുമായ സംസ്കാരം ഭാരതം വളർത്തിയെടുത്തു നിലനിർത്തീട്ടുള്ളത്. അനാദിയായ വേദങ്ങൾ പഠിപ്പിച്ചു പഠിച്ചു ഹൃദിസ്ഥമാക്കിയതു സ്ഥിരപരിശീലനത്തിലൂടെയാണ്. ഉച്ചാരണശുദ്ധിയോടെ മനസ്സിനെ അർഥത്തിൽ പതിപ്പിച്ചു കൊണ്ടുവേണം ശ്ലോകങ്ങൾ ചൊല്ലാൻ. അപ്പോൾ സ്മൃതിയിൽ മായാത്തവിധം സ്ഥാനം പിടിച്ച് അവ ജീവിതവ്യവഹാരങ്ങളെ പവിത്രവും ഉദാത്തവുമാക്കും.

സ്വാമിജി

# III ആശ്രമാനുഷ്ഠാനങ്ങളിൽ ഉപയോഗിയ്ക്കുന്ന മറ്റു ശ്ലോകങ്ങൾ

## III.1. സത്സംഗാരംഭത്തിനുമുമ്പ്

ജന്മാനേകശതൈഃ സദാദരയുജാ
ഭക്ത്യാ സമാരാധിതോ
ഭക്തൈർവൈദികലക്ഷണേന വിധിനാ
സന്തുഷ്ട ഈശഃ സ്വയം
സാക്ഷാച്ഛ്രീഗുരുരൂപമേത്യ കൃപയാ
ദൃഗ്ഗോചരഃ സൻ പ്രഭുഃ
തത്ത്വം സാധു വിബോധ്യ താരയതി താൻ
സംസാരദുഃഖാർണവാത്

സർവവ്യാപകമദ്വിതീയമജരം
വേദാന്തവിജ്ഞാപിതം
ദ്വന്ദ്വാഭാസവിവർജിതം ഭവഹരം
ശാന്തിപ്രദം ദേഹിനാം
കർമാകർമവികർമഹീനമമലം
ത്രൈഗുണ്യവിച്ഛേദകം
ധ്യായേത് ബ്രഹ്മ സദാ പ്രശാന്തമനസാ
ഭക്ത്യാ ച സശ്രദ്ധയാ

അന്വയം:

സർവവ്യാപകം അദ്വിതീയം അജരം വേദാന്തവിജ്ഞാപിതം ദ്വന്ദ്വാഭാസവിവർജിതം ഭവഹരം ദേഹിനാം ശാന്തിപ്രദം കർമാകർമവികർമഹീനം അമലം ത്രൈഗുണ്യവിച്ഛേദകം ബ്രഹ്മ പ്രശാന്തമനസാ ഭക്ത്യാ സശ്രദ്ധയാ ച സദാ ധ്യായേത്.

അർഥം:

സർവത്ര വ്യാപിച്ചിരിയ്ക്കുന്നതും, രണ്ടാമതൊന്നില്ലാത്തതും ക്ഷയവിഹീനവും വേദാന്തത്താൽ അറിയിയ്ക്കപ്പെടുന്നതും ദ്വന്ദ്വാഭാസത്തിന് ഇടകൊടുക്കാത്തതും സംസാരത്തെ ഹരിയ്ക്കുന്നതും ദേഹികൾക്കു ശാന്തി നല്കുന്നതും, കർമം അകർമം വികർമം എന്നിവയില്ലാത്തതും, പവിത്രവും ത്രിഗുണകാര്യങ്ങളെ ഛേദിയ്ക്കുന്നതുമായ ബ്രഹ്മത്തെ ഭക്തിയോടും ശ്രദ്ധയോടുംകൂടി പ്രശാന്തമനസ്സോടെ ധ്യാനിയ്ക്കുക.

## III.2. സത്സംഗാവസാനത്തിൽ:

**പ്രബുദ്ധം വിമുക്തം വികാരാദിഹീനം**
**പ്രസന്നം സദാ നിത്യബോധസ്വരൂപം**
**പരം നിശ്ചലം നിർഗുണം സർവരൂപം**
**ഭജേഽഹം സദാനുസ്മരാമി പ്രണൗമി**

പ്രബുദ്ധവും വിമുക്തവും വികാരാദികൾ ഇല്ലാത്തതും, എല്ലായ്പ്പോഴും പ്രസന്നവും നിത്യബോധസ്വരൂപവും, പരവും നിശ്ചലവും നിർഗുണവും സർവരൂപവുമായതേതോ അതിനെ ഞാൻ സദാ ഭജിയ്ക്കുന്നു, സ്മരിയ്ക്കുന്നു, സ്തുതിയ്ക്കുന്നു.

## III.3. ഭോജനപവിത്രീകരണം

ഓരോ തവണയും തയ്യാറാക്കിയ ഭക്ഷണപദാർഥങ്ങൾ, കുറേശ്ശ ഒരു പാത്രത്തിൽവെച്ചു താഴെകാണുന്ന ശ്ലോകങ്ങൾ ചൊല്ലി ക്കൊണ്ട് പൂജ്യസ്വാമിജിയുടെ കയ്യിൽ കൊടുക്കുന്നു. സ്വാമിജി പാത്രം കയ്യിലെടുത്തു കണ്ണടച്ച് "ഇതു കഴിയ്ക്കുന്നവരുടെ മനസ്സും ബുദ്ധിയും പവിത്രമായി, ആരോഗ്യവും സത്ത്വഗു ണവും വർധിയ്ക്കട്ടെ" എന്നു സങ്കല്പിയ്ക്കുന്നു. അനന്തരം അതു കൊണ്ടുപോയി വിളമ്പാനുള്ളതിലേയ്ക്കു പകർന്നശേ ഷമാണ് ആഹാരം നല്കാൻ തുടങ്ങുന്നത്.

**യസ്യ പാദപ്രഭാധ്യസ്തഃ പ്രപഞ്ചോ ഭാതി ഭാസുരഃ**
**തമഹം സദ്ഗുരും വന്ദേ ഭൂമാനന്ദം ചിദാത്മകം**

ആരുടെ പാദപ്രഭ തട്ടിയാണോ പ്രപഞ്ചം ഭാസുരമായി വിള ങ്ങുന്നത്, ആ ബോധസ്വരൂപനായ ഭൂമാനന്ദസദ്ഗുരുവെ ഞാൻ നമിയ്ക്കുന്നു.

**നന്ദിതാനി ദിഗന്താനി യസ്യാനന്ദാശ്രുബിന്ദുനാ**
**തമഹം സദ്ഗുരും വന്ദേ ഭൂമാനന്ദം ചിദാത്മകം**

ആരുടെ ആനന്ദാശ്രുതുള്ളിയാലാണോ ദിഗന്തങ്ങൾ ആന ന്ദിതമാകുന്നത് ആ ബോധസ്വരൂപനായ ഭൂമാനന്ദസദ്ഗു രുവെ ഞാൻ നമിയ്ക്കുന്നു.

## III.4. ഭക്ഷണം കഴിയ്ക്കുന്നതിനു മുമ്പ് :

ഭഗവദ്ഗീത 15-ാം അധ്യായം ഒരുമിച്ചു ജപിച്ചശേഷം, ഓരോരു ത്തരും കൈക്കുമ്പിളിൽ ജലമെടുത്തു താഴെയുള്ള സമർപ്പണ ശ്ലോകങ്ങൾ ചൊല്ലി അതു സേവിച്ചശേഷമാണ് ആഹാരം കഴി യ്ക്കാൻ തുടങ്ങുന്നത്.

**ബ്രഹ്മാർപണം ബ്രഹ്മഹവിഃ**
**ബ്രഹ്മാഗ്നൗ ബ്രഹ്മണാ ഹുതം**
**ബ്രഹ്മൈവ തേന ഗന്തവ്യം**
**ബ്രഹ്മകർമസമാധിനാ**

അന്വയം:

അർപണം ബ്രഹ്മ. ബ്രഹ്മാഗ്നൗ ബ്രഹ്മഹവിഃ ബ്രഹ്മണാ ഹുതം ബ്രഹ്മകർമസമാധിനാ തേന ബ്രഹ്മ ഏവ ഗന്തവ്യം

അർഥം:

ബ്രഹ്മമാണ് അർപ്പണം, ബ്രഹ്മംതന്നെ ഹവിസ്സ്, ബ്രഹ്മമായ അഗ്നിയിൽ ബ്രഹ്മത്താൽത്തന്നെയാണ് ഹോമിയ്ക്കുന്നത്, ബ്രഹ്മംതന്നെയാണ് കർമവുമെന്ന ഭാവനയിൽ ഉറച്ചുനില്ക്കുന്നവൻ ബ്രഹ്മത്തെതന്നെ പ്രാപിയ്ക്കുന്നു.

**അന്നപൂർണേ സദാ പൂർണേ**
**ശങ്കരപ്രാണവല്ലഭേ**
**ജ്ഞാനവൈരാഗ്യസിദ്ധ്യർഥം**
**ഭിക്ഷാം ദേഹി ച പാർവതി**

അന്നപൂർണേ, എല്ലായ്പ്പോഴും പൂർണമായിരിയ്ക്കുന്നവളേ, ശങ്കരന്റെ പ്രേയസി, അല്ലേ പാർവതീദേവി, ജ്ഞാനവും വൈരാഗ്യവും സിദ്ധിയ്ക്കാനുള്ള ഭിക്ഷ നല്കിയാലും.

**മാതാ മേ പാർവതീ ദേവീ പിതാ ദേവോ മഹേശ്വരഃ**
**ബാന്ധവാഃ ശിവഭക്താശ്ച സ്വദേശോ ഭുവനത്രയം**

പാർവതീദേവി എന്റെ അമ്മയും, മഹേശ്വരൻ എന്റെ അച്ഛനും ശിവഭക്തന്മാർ എന്റെ ബന്ധുക്കളും, മൂന്നുലോകവും സ്വന്തം നാടുമാകുന്നു. ◆

# IV സന്ധ്യാഭജനം

## IV.1. സ്തോത്രങ്ങൾ

ജന്മാനേകശതൈഃ സദാദരയുജാ
ഭക്ത്യാ സമാരാധിതോ
ഭക്തൈർവൈദികലക്ഷണേന വിധിനാ
സന്തുഷ്ട ഈശഃ സ്വയം
സാക്ഷാച്ഛ്രീഗുരുരൂപമേത്യ കൃപയാ
ദൃഗ്ഗോചരഃ സൻ പ്രഭുഃ
തത്ത്വം സാധു വിബോധ്യ താരയതി താൻ
സംസാരദുഃഖാർണവാത്

സർവവ്യാപകമദ്വിതീയമജരം
വേദാന്തവിജ്ഞാപിതം
ദ്വന്ദ്വാഭാസവിവർജിതം ഭവഹരം
ശാന്തിപ്രദം ദേഹിനാം
കർമാകർമവികർമഹീനമമലം
ത്രൈഗുണ്യവിച്ഛേദകം
ധ്യായേത് ബ്രഹ്മ സദാ പ്രശാന്തമനസാ
ഭക്ത്യാ ച സശ്രദ്ധയാ

**അയം ദാനകാലസ്ത്വഹം ദാനപാത്രം**
**ഭവാനേവ ദാതാ ത്വദന്യം ന യാചേ**
**ഭവദ്ഭക്തിമേവ സ്ഥിരാം ദേഹി മഹ്യം**
**കൃപാശീല ശംഭോ കൃതാർഥോസ്മി തസ്മാത്**

ഇതുതന്നെ ദാനത്തിനുള്ള കാലം. ഇവനാണ് ദാനത്തിനു പറ്റിയ പാത്രം. അങ്ങുതന്നെ ദാതാവ്. അങ്ങയോടല്ലാതെ ഞാനാരോടും യാചിക്കില്ല. കൃപാശീലനായ ശംഭോ, എനിയ്ക്ക് അങ്ങയോട് അചഞ്ചലഭക്തിയെ നല്കിയാലും. അതുകൊണ്ട് ഞാൻ കൃതാർഥനായ്ക്കൊള്ളാം.

**നോ സോദരോ ന ജനകോ ജനനീ ന ജായാ**
**നൈവാത്മജോ ന ച കുലം വിപുലം ബലം വാ**
**സംദൃശ്യതേ ന കില കോഽപി സഹായകോ മേ**
**തസ്മാത് ത്വമേവ ശരണം മമ ശംഖപാണേ**

എനിയ്ക്കു സോദരനില്ല, അച്ഛനോ അമ്മയോ ഇല്ല, ഭാര്യയില്ല, പുത്രനില്ല, കുലമോ വിപുലമായ ബലമോ ഇല്ല. എനിയ്ക്കു സഹായകനായി ആരേയും കാണുന്നില്ല. അതിനാൽ ശംഖപാണേ, അങ്ങുതന്നെ എനിയ്ക്കു ശരണം.

## IV.2. നാമാവലി

പൂജ്യസ്വാമിജി രചിച്ച 'നാരായണാശ്രമതപോവനം നാമാവലി' ആവർത്തിച്ചു ജപിയ്ക്കുന്നു.

**ഓം നമഃ സദാശിവായ ഓം നമോ നാരായണായ**
**ഓം നമഃ സദാശിവായ ഓം നമോ നാരായണായ...**

## IV.3. സ്തോത്രങ്ങൾ

**കൃഷ്ണോ രക്ഷതു മാം ചരാചരഗുരുഃ**
**കൃഷ്ണം നമസ്യേ സദാ**
**കൃഷ്ണേനൈവ സുരക്ഷിതോऽഹമസകൃത്**
**കൃഷ്ണായ ദത്തം മനഃ**
**കൃഷ്ണാദേവ സമുദ്ഭവോ മമ ഗുരോഃ**
**കൃഷ്ണസ്യ ദാസോऽസ്മ്യഹം**
**കൃഷ്ണേ ഭക്തിരചഞ്ചലാസ്തു ഭഗവൻ**
**ഹേ കൃഷ്ണ തുഭ്യം നമഃ**

ചരാചരഗുരുവായ കൃഷ്ണൻ എന്നെ രക്ഷിയ്ക്കട്ടെ. ഞാനെപ്പോഴും കൃഷ്ണനെ നമസ്കരിയ്ക്കുന്നു. ഞാൻ വീണ്ടുംവീണ്ടും കൃഷ്ണനാൽ സുരക്ഷിതനാണ്. എന്റെ മനസ്സ് കൃഷ്ണനു നല്കിയിരിയ്ക്കുന്നു. കൃഷ്ണനിൽനിന്നുതന്നെ എന്റെ ഗുരുവിന്റെ ഉദ്ഭവം. കൃഷ്ണന്റെ ദാസനാണ് ഞാൻ. ഭഗവൻ, കൃഷ്ണനിൽ അചഞ്ചലമായ ഭക്തി ഉണ്ടാകട്ടെ. കൃഷ്ണ, അങ്ങയ്ക്കു നമസ്കാരം.

**സർവഭൂതാത്മഭൂതസ്ഥം സർവാധാരം സനാതനം**
**സർവകാരണകർതാരം നിദാനം പ്രകൃതേഃ പരം**
**നിരാമയം നിരാഭാസം നിരവദ്യം നിരഞ്ജനം**
**മനസാ ശിരസാ നിത്യം പ്രണമാമി രഘൂത്തമം**

എല്ലാ ഭൂതങ്ങളിലും ആത്മാവും, എല്ലാറ്റിന്റേയും ആധാരവും, ശാശ്വതനും, എല്ലാ കാരണങ്ങളേയും രചിയ്ക്കുന്നവനും, സർവാധിഷ്ഠാനവും, പ്രകൃതിയ്ക്കുപരിയും, പീഡയേശാത്തവനും, ആഭാസഹീനനും, ശ്രേഷ്ഠനും, കറകളില്ലാത്തവനുമായ ശ്രീ രഘൂത്തമനെ മനസ്സുകൊണ്ടും ശിരസ്സുകൊണ്ടും ഞാൻ നമസ്കരിയ്ക്കുന്നു.

## IV.4. നാമാവലി

മഹാമന്ത്രജപം

**ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ**
**ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ**

## IV.5. സ്തോത്രങ്ങൾ (ശ്ലോകങ്ങൾ)

**വന്ദേ ഗുരൂണാം ചരണാരവിന്ദേ**
**സന്ദർശിതസ്വാത്മസുഖാവബോധേ**
**ജനസ്യ യേ ജാങ്ഗുലികായമാനേ**
**സംസാരഹാലാഹലമോഹശാന്ത്യൈ**

**മദീയഹൃദയാകാശേ ചിദാനന്ദമയോ ഗുരുഃ**
**ഉദേതു സതതം സമ്യഗജ്ഞാനതിമിരാരുണഃ**

**സ്വാരാജ്യസാമ്രാജ്യവിഭൂതിരേഷാ**
**ഭവത്കൃപാശ്രീമഹിമപ്രസാദാത്**
**പ്രാപ്താ മയാ ശ്രീഗുരവേ മഹാത്മനേ**
**നമോ നമസ്തേഽസ്തു പുനർനമോഽസ്തു**

ആരുടെ കൃപാമഹിമപ്രസാദത്താലാണോ തന്നുൾ സാമ്രാജ്യമെന്ന മഹദൈശ്വര്യം ഞാൻ പ്രാപിച്ചത്, മഹാത്മാവായ ആ ശ്രീഗുരുവിന്നു വീണ്ടുംവീണ്ടും നമസ്കാരം ഭവിയ്ക്കട്ടെ.

**നമസ്തസ്മൈ സദൈകസ്മൈ**
**കസ്മൈചിന്മഹസേ നമഃ**
**യദേതദ്വിശ്വരൂപേണ**
**രാജതേ ഗുരുരാജ തേ**

സദാ ഏകരൂപവും അനിർവചനീയവും ചിന്മഹിമയുമായ അങ്ങാണ് ഈ വിശ്വമായി പ്രകാശിയ്ക്കുന്നത്. ഗുരുരാജ നായ അങ്ങയ്ക്കു നമസ്കാരം.

**യോഽന്തഃപ്രവിശ്യ മമ വാചമിമാം പ്രസുപ്താം**
**സംജീവയത്യഖിലശക്തിധരഃ സ്വധാമ്നാ**
**അന്യാംശ്ച ഹസ്തചരണശ്രവണത്വഗാദീൻ**
**പ്രാണാൻ നമോ ഭഗവതേ പുരുഷായ തുഭ്യം**

അന്വയം:

യഃ അഖിലശക്തിധരഃ മമ അന്തഃ പ്രവിശ്യ ഇമാം പ്രസുപ്താം വാചം അന്യാൻ ഹസ്തചരണശ്രവണത്വഗാദീൻ പ്രാണാൻ ച സ്വധാമ്നാ സംജീവയതി ഭഗവതേ പുരുഷായ തുഭ്യം നമഃ

അർഥം:

സർവശക്തനായ ആരാണോ എന്റെ ഉള്ളിൽ പ്രവേശിച്ച് ഉറങ്ങിക്കിടക്കുന്ന വാക്കിനെ സ്വസാന്നിധ്യത്താൽ ഉണർത്തുന്നത്, കൈ, കാല്, ചെവി, ത്വക്കു മുതലായ വയേയും പ്രാണനേയും സജീവമാക്കുന്നത്, ഭഗവാനും പുരുഷനുമായ അങ്ങയ്ക്കു നമസ്കാരം.

**നമോ നമോ വാങ്മനസാതിഭൂമയേ**
**നമോ നമോ വാങ്മനസൈകഭൂമയേ**
**നമോ നമോഽനന്തമഹാവിഭൂതയേ**
**നമോ നമോഽനന്തദയൈകസിന്ധവേ** (2 പ്രാവശ്യം)

വാക്കിനും മനസ്സിനും അതീതനായവനു നമസ്കാരം നമസ്കാരം. വാങ്മനസ്സുകൾക്ക് അധിഷ്ഠാനമായവനു നമസ്കാരം നമസ്കാരം. അനന്തമഹാവിഭൂതിയായവനു നമസ്കാരം നമസ്കാരം. അന്തമില്ലാത്ത ദയാസമുദ്രത്തിനു നമസ്കാരം നമസ്കാരം.

**നാസ്ഥാ ധർമേ ന വസുനിചയേ നൈവ കാമോപഭോഗേ**
**യദ്ഭവ്യം തദ്ഭവതു ഭഗവൻ പൂർവകർമാനുരൂപം**
**ഹ്യേതത് പ്രാർഥ്യം മമ ബഹുമതം ജന്മജന്മാന്തരേƒപി**
**ത്വത്പാദാംഭോരുഹയുഗഗതാ നിശ്ചലാ ഭക്തിരസ്തു**

അന്വയം:

ധർമേ വസുനിചയേ കാമോപഭോഗേ മമ ആസ്ഥാ ന (അസ്തി). ഭഗവൻ പൂർവകർമാനുരൂപം യദ് ഭവ്യം തദ് ഭവതു. മമ ഏതത് പ്രാർഥ്യം ബഹുമതം ഹി. ജന്മ ജന്മാന്തരേ അപി ത്വത്പാദാംഭോരുഹയുഗഗതാ നിശ്ചലാ ഭക്തിഃ അസ്തു.

അർഥം:

ധർമത്തിലും വസ്തുവകകളിലും കാമഭോഗങ്ങളിലും എനിയ്ക്കു രുചിയില്ല. ഭഗവൻ, പൂർവകർമങ്ങളനുസരിച്ച് എന്തുണ്ടാകാനുണ്ടോ അതു ഭവിയ്ക്കട്ടെ. പക്ഷേ എനിയ്ക്ക് ഉത്കടമായ ഒരു പ്രാർഥനയുണ്ട്: ജന്മജന്മാന്തരങ്ങളിലും അങ്ങയുടെ പാദപദ്മങ്ങളിൽ അചഞ്ചലഭക്തി ഉണ്ടാകണേ.

**ഹര ത്വം സംസാരം ദ്രുതതരമസാരം സുരപതേ**
**ഹര ത്വം പാപാനാം വിതതിമപരാം യാദവപതേ**
**അഹോ ദീനാനാഥം നിഹിതമചലം നിശ്ചിതപദം**
**ജഗന്നാഥസ്വാമീ നയനപഥഗാമീ ഭവതു മേ**

ദേവദേവ, സാരഹീനമായ ഈ സംസാരത്തെ നീ എത്രയുംവേഗം ഹരിച്ചാലും. യാദവപതേ, അന്തമില്ലാത്ത പാപക്കൂട്ടത്തെയും ഹരിയ്ക്കുക. ദീനന്മാർക്കുള്ള ഉറച്ച ആശ്രയകേന്ദ്രമായ ജഗന്നാഥസ്വാമി എന്റെ കണ്ണുകൾക്കു മുമ്പിൽ നടക്കുമാറാകട്ടെ.

**ഭോഗേ രോഗഭയം കുലേ ച്യുതിഭയം**
**വിത്തേ നൃപാലാദ്ഭയം**
**മാനേ ദൈന്യഭയം ബലേ രിപുഭയം**
**രൂപേ ജരായാ ഭയം**
**ശാസ്ത്രേ വാദിഭയം ഗുണേ ഖലഭയം**
**കായേ കൃതാന്താദ്ഭയം**
**സർവം വസ്തു ഭയാന്വിതം ഭുവി നൃണാം**
**വൈരാഗ്യമേവാഭയം**

ഇന്ദ്രിയഭോഗങ്ങളിൽ രോഗഭയം, കുലാഭിമാനത്തിൽ വീഴ്ച ഭയം, ധനത്തിൽ സർക്കാരിൽനിന്നുള്ള ഭയം, മാന്യതയിൽ ദൈന്യഭയം, ദേഹബലത്തിൽ ശത്രുഭയം, സൗന്ദര്യത്തിൽ ജരാഭയം, ശാസ്ത്രജ്ഞാനത്തിൽ വാദിഭയം, ഗുണസമ്പന്നതയിൽ ദുഷ്ടന്മാരിൽനിന്നുള്ള ഭയം, ദേഹത്തിൽ കാലഭയം. സർവസ്തുവും ഭയംകലർന്നതുതന്നെ. ഭൂമിയിൽ മനുഷ്യർക്കു വൈരാഗ്യംമാത്രമേ അഭയമായുള്ളു.

**നാന്യാ സ്പൃഹാ രഘുപതേ ഹൃദയേഽസ്മദീയേ**
**സത്യം വദാമി ച ഭവാനഖിലാന്തരാത്മാ**
**ഭക്തിം പ്രയച്ഛ രഘുപുംഗവ നിർഭരാം മേ**
**കാമാദിദോഷരഹിതം കുരു മാനസം ച**

അന്വയം:

ഹേ രഘുപതേ, അസ്മദീയേ ഹൃദയേ അന്യാ സ്പൃഹാ ന, അഹം സത്യം വദാമി, ഭവാൻ അഖിലാന്തരാത്മാ. രഘുപുംഗവ മേ നിർഭരാം ഭക്തിം പ്രയച്ഛ, മാനസം കാമാദിദോഷരഹിതം കുരു ച .

അർഥം:

രഘുപതേ, എന്റെ ഹൃദയത്തിൽ മറ്റൊരാഗ്രഹവുമില്ല. ഞാൻ സത്യമാണ് പറയുന്നത്. അഖിലാന്തരാത്മാവാണ്

അങ്ങ്. രഘുകുലശ്രേഷ്ഠ, എനിയ്ക്കു നിറഞ്ഞ ഭക്തി അരുളൂ. എന്റെ മനസ്സിനെ കാമാദിദോഷമില്ലാത്തതാക്കുക.

**സത്യേന ലഭ്യസ്തപസാ ഹ്യേഷ ആത്മാ**
**സമ്യഗ്ജ്ഞാനേന ബ്രഹ്മചര്യേണ നിത്യം**
**അന്തഃശരീരേ ജ്യോതിർമയോ ഹി ശുഭ്രോ**
**യം പശ്യന്തി യതയഃ ക്ഷീണദോഷാഃ**

അന്വയം:

ഏഷ ജ്യോതിർമയഃ ശുഭ്രഃ ആത്മാ സത്യേന തപസാ സമ്യഗ്ജ്ഞാനേന ബ്രഹ്മചര്യേണ ച ലഭ്യഃ. യം ക്ഷീണദോഷാഃ യതയഃ അന്ത:ശരീരേ നിത്യം പശ്യന്തി.

അർഥം:

കാമാദിദോഷങ്ങളകന്ന യതികൾ ദേഹത്തിനുള്ളിൽ ജ്യോതിർമയനായി ശുദ്ധനായി ആരെ കാണുന്നുവോ, ആ ഈ ആത്മാ സത്യത്താലും തപസ്സാലും സമ്യക്ജ്ഞാനത്താലും ബ്രഹ്മചര്യംകൊണ്ടും ലഭിയ്ക്കേണ്ടവനാണ്.

**വിശുദ്ധസത്ത്വസ്യ ഗുണാഃ പ്രസാദഃ**
**സ്വാത്മാനുഭൂതിഃ പരമാ പ്രശാന്തിഃ**
**തൃപ്തിഃ പ്രഹർഷഃ പരമാത്മനിഷ്ഠാ**
**യയാ സദാനന്ദരസം സമൃച്ഛതി**

മനസ്സ് ശുദ്ധമായവന്റെ ഗുണങ്ങളാണ് പ്രസന്നത, സ്വാത്മാനുഭവം, പരമശാന്തി, തൃപ്തി, സന്തോഷം, പരമാത്മനിഷ്ഠ എന്നിവ. ഈ നിഷ്ഠയാലാണ് സത്തിൽനിന്നുള്ള ആനന്ദരസം നുണയുന്നത്.

**നിത്യോത്സവോ ഭവേത്തേഷാം**
**നിത്യശ്രീർനിത്യമംഗലം**
**യേഷാം ഹൃദിസ്ഥോ ഭഗവാൻ**
**മങ്ഗലായതനം ഹരിഃ**

അന്വയം:

യേഷാം മങ്ഗലായതനം ഭഗവാൻ ഹരിഃ ഹൃദിസ്ഥഃ തേഷാം നിത്യോത്സവഃ നിത്യശ്രീഃ നിത്യമംഗലം ഭവേത്.

അർഥം:

ആരാരുടെ ഹൃദയങ്ങളിലാണോ മംഗളസ്വരൂപനായ ഭഗവാൻ ഹരി സ്ഥിതിചെയ്യുന്നത്, അവർക്ക് എന്നും ഉത്സവം, എന്നും ഐശ്വര്യം, എല്ലായ്പ്പോഴും മംഗളം ഭവിയ്ക്കുന്നു.

**ന ധർമനിഷ്ഠോഽസ്മി ന ചാത്മവേദീ**
**ന ഭക്തിമാംസ്ത്വച്ചരണാരവിന്ദേ**
**അകിംചനോഽനന്യഗതിഃ ശരണ്യം**
**ത്വത്പാദമൂലം ശരണം പ്രപദ്യേ**

അന്വയം:

അഹം ധർമനിഷ്ഠഃ ന അസ്മി, ന ച ആത്മവേദീ, ത്വച്ചരണാരവിന്ദേ ന ഭക്തിമാൻ, അകിംചനഃ അനന്യഗതിഃ അഹം ശരണ്യം ത്വത്പാദമൂലം ശരണം പ്രപദ്യേ.

അർഥം:

ഞാൻ ധർമനിഷ്ഠനല്ല, ആത്മജ്ഞാനിയുമല്ല, അങ്ങയുടെ പാദാരവിന്ദങ്ങളിൽ ഭക്തിയുള്ളവനല്ല. ഒരു സമ്പത്തുമില്ലാതെ അന്യഗതിയൊന്നുമില്ലാത്ത ഞാൻ ശരണമരുളുന്ന അങ്ങയുടെ പാദമൂലത്തെ ശരണം പ്രാപിയ്ക്കുന്നു.

## IV.6. ഉപസംഹാരശ്ലോകങ്ങൾ

**സർവേ ഭവന്തു സുഖിനഃ**
**സർവേ സന്തു നിരാമയാഃ**
**സർവേ ഭദ്രാണി പശ്യന്തു**
**മാ കശ്ചിത് ദു:ഖഭാക് ഭവേത്**

എല്ലാവരും സുഖികളാകണേ, എല്ലാവരും അനാരോഗ്യമില്ലാത്തവരാകണേ, എല്ലാവരും മംഗളങ്ങൾ ദർശിയ്ക്കണേ, ആരുംതന്നെ ദു:ഖപാത്രമാകരുതേ.

**ദുർജനഃ സജ്ജനോ ഭൂയാത്**
**സജ്ജനഃ ശാന്തിമാപ്നുയാത്**
**ശാന്തോ മുച്യേത ബന്ധേഭ്യോ**
**മുക്തശ്ചാന്യാൻ വിമോചയേത്**

ദുർജനങ്ങൾ സജ്ജനങ്ങളാകണേ, സജ്ജനങ്ങൾ ശാന്തി പ്രാപിയ്ക്കണേ, ശാന്തരായവർ സർവബന്ധനങ്ങളിൽ നിന്നും മുക്തരാകണേ, മുക്തരായവർ അന്യരേയും മോചിപ്പിയ്ക്കുമാറാകണേ.

**കാലേ വർഷതു പർജന്യഃ**
**പൃഥിവീ സസ്യശാലിനീ**
**ദേശോ്യം ക്ഷോഭരഹിതഃ**
**സജ്ജനാഃ സന്തു നിർഭയാഃ**

യഥാകാലം വർഷമുണ്ടാകട്ടെ, ഭൂമി സസ്യസമൃദ്ധമാകട്ടെ, ഈ ദേശം ക്ഷോഭരഹിതമാകട്ടെ, സജ്ജനങ്ങൾ നിർഭയരാകട്ടെ.

**സ്വസ്തി പ്രജാഭ്യഃ പരിപാലയന്താം**
**ന്യായ്യേന മാർഗേണ മഹീം മഹീശാഃ**
**ഗോബ്രാഹ്മണേഭ്യഃ ശുഭമസ്തു നിത്യം**
**ലോകാഃ സമസ്താഃ സുഖിനോ ഭവന്തു**

അന്വയം:

പ്രജാഭ്യഃ സ്വസ്തിഃ അസ്തു. മഹീശാഃ മഹീം ന്യായ്യേന മാർഗേണ പരിപാലയന്താം. ഗോബ്രാഹ്മണേഭ്യഃ നിത്യം ശുഭം അസ്തു. സമസ്താഃ ലോകാഃ സുഖിനോഃ ഭവന്തു.

അർഥം:

പ്രജകൾക്കു മംഗളമുണ്ടാകട്ടെ, ഭരണാധികാരികൾ ഭൂമിയെ ന്യായമായ രീതിയിൽ പരിപാലിയ്ക്കട്ടെ. ഗോക്കൾക്കും ബ്രാഹ്മണർക്കും നിത്യം ശുഭം ഉണ്ടാകട്ടെ. ലോകരെല്ലാം സുഖികളാകട്ടെ.

**അസതോ മാ സദ്ഗമയ**
**തമസോ മാ ജ്യോതിർഗമയ**
**മൃത്യോർമാ അമൃതം ഗമയ**
**ഹരിഃ ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

എന്നെ അസത്തിൽനിന്നു സത്തിലേയ്ക്കും, ഇരുട്ടിൽനിന്നു പ്രകാശത്തിലേയ്ക്കും, മരണത്തിൽനിന്ന് അമൃതത്വത്തിലേയ്ക്കും നയിയ്ക്കണേ.

## പരിശിഷ്ടം 1

## അഷ്ടോത്തരശതനാമാവലി

പൂജ്യസ്വാമിജിയുടെ ഗുണവിശേഷങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്വാമിജിയുടെ ശിഷ്യൻ രചിച്ച ഈ 108 നാമാവലി ചൊല്ലിക്കൊണ്ടാണ് പൂജ്യഗുരുദേവിനു വിശേഷാവസരങ്ങളിൽ പാദപൂജ നടത്തുന്നത്.

ഓം ശ്രീപരമഹംസകരകമലസംജാത
അസ്മദ് ശ്രീഗുരുഭ്യോ നമഃ 1

ഓം അകിംചനായ നമഃ 2

ഓം അഖണ്ഡമണ്ഡലാകാരായ നമഃ 3

ഓം അജായ നമഃ 4

ഓം അജ്ഞാനഹരണായ നമഃ 5

ഓം അധിയജ്ഞായ നമഃ 6

ഓം അനന്തായ നമഃ 7

ഓം അനാദിനിധനായ നമഃ 8

ഓം അമരായ നമഃ 9

ഓം അമൃതാത്മനേ നമഃ 10

ഓം അത്യാശ്രമിണേ നമഃ 11

ഓം അവ്യയായ നമഃ 12

ഓം ആനന്ദമൂർതയേ നമഃ 13

ഓം ആത്മക്രീഡായ നമഃ 14

ഓം ആത്മസംസ്ഥിതായ നമഃ 15

ഓം ആർതജനപരിത്രാണപരായണായ നമഃ 16

ശ്രീപരമഹംസകരകമലത്തിൽനിന്നുദ്ഭവിച്ച, ഞങ്ങളുടെ ശ്രീഗുരുവിന്നു നമസ്കാരം.

ഒരു ഭൗതികസമ്പത്തുമില്ലാത്തവന്നു നമസ്കാരം.

സമസ്തപ്രപഞ്ചസ്വരൂപന്നു നമസ്കാരം.

ജനനരഹിതന്നു നമസ്കാരം.

അജ്ഞാനത്തെ ഇല്ലാതാക്കുന്നവന്നു നമസ്കാരം.

യജ്ഞസ്വരൂപന്നു നമസ്കാരം.

അന്തമില്ലാത്തവന്നു നമസ്കാരം.

ആദിയും നാശവുമില്ലാത്തവന്നു നമസ്കാരം.

മരണമില്ലാത്തവന്നു നമസ്കാരം.

അമൃതസ്വരൂപന്നു നമസ്കാരം.

എല്ലാ ആശ്രമങ്ങൾക്കും ഉപരിയായവന്നു നമസ്കാരം.

നാശമില്ലാത്തവന്നു നമസ്കാരം.

ആനന്ദസ്വരൂപന്നു നമസ്കാരം.

ആത്മാവിൽ വിനോദിയ്ക്കുന്നവന്നു നമസ്കാരം.

ആത്മാവിൽ നന്നേ ഉറച്ചിരിയ്ക്കുന്നവന്നു നമസ്കാരം.

ദു:ഖിതരെ എല്ലാവിധത്തിലും രക്ഷിയ്ക്കുന്നതിൽ മുഴുകിയവന്നു നമസ്കാരം.

| | |
|---|---|
| ഓം ആശുതോഷിണേ നമഃ | 17 |
| ഓം കർമയോഗിനേ നമഃ | 18 |
| ഓം കൂടസ്ഥായ നമഃ | 19 |
| ഓം കൈവല്യാനുഭവപ്രദായകായ നമഃ | 20 |
| ഓം കാര്യകാരണരൂപായ നമഃ | 21 |
| ഓം ഗുരുമൂർതയേ നമഃ | 22 |
| ഓം ഗുരുശ്രേഷ്ഠായ നമഃ | 23 |
| ഓം ഗുണസിന്ധവേ നമഃ | 24 |
| ഓം ചൈതന്യമൂർതയേ നമഃ | 25 |
| ഓം ചിദ്ഘനായ നമഃ | 26 |
| ഓം ജരാമരണവർജിതായ നമഃ | 27 |
| ഓം ജിതേന്ദ്രിയായ നമഃ | 28 |
| ഓം ജീവന്മുക്തായ നമഃ | 29 |
| ഓം ജ്ഞാനഗമ്യായ നമഃ | 30 |
| ഓം ജ്ഞാനപൂർണായ നമഃ | 31 |
| ഓം ജ്ഞാനപ്രഭായ നമഃ | 32 |
| ഓം ജ്ഞാനഭാസ്കരായ നമഃ | 33 |
| ഓം ത്രിഗുണാതീതായ നമഃ | 34 |
| ഓം ദയാസാഗരായ നമഃ | 35 |
| ഓം ദയാമൂർതയേ നമഃ | 36 |
| ഓം ദക്ഷിണാമൂർതിസ്വരൂപായ നമഃ | 37 |

എളുപ്പം പ്രസാദിയ്ക്കുന്നവന്നു നമസ്കാരം.

കർമയോഗിയ്ക്കു നമസ്കാരം.

ഇളക്കമില്ലാത്തവന്നു നമസ്കാരം.

മോക്ഷാനുഭവം നല്കുന്നവന്നു നമസ്കാരം.

കാര്യകാരണരൂപിയ്ക്കു നമസ്കാരം.

ഗുരുസ്വരൂപന്നു നമസ്കാരം

ഗുരുശ്രേഷ്ഠന്നു നമസ്കാരം.

ഗുണമൂല്യസമുദ്രമായവന്നു നമസ്കാരം.

ചൈതന്യമൂർത്തിയ്ക്കു നമസ്കാരം.

ചിദ്ഘനന്നു നമസ്കാരം.

ജരാമരണമില്ലാത്തവന്നു നമസ്കാരം.

ഇന്ദ്രിയവിജയിയ്ക്കു നമസ്കാരം.

ജീവന്മുക്തന്നു നമസ്കാരം.

ജ്ഞാനഗമ്യന്നു നമസ്കാരം.

ജ്ഞാനംനിറഞ്ഞവന്നു നമസ്കാരം.

ജ്ഞാനപ്രഭയുള്ളവന്നു നമസ്കാരം.

ജ്ഞാനസൂര്യന്നു നമസ്കാരം.

മൂന്നു ഗുണങ്ങൾക്കും അതീതനായവന്നു നമസ്കാരം.

ദയാസമുദ്രത്തിന്നു നമസ്കാരം

ദയാമൂർത്തിയ്ക്കു നമസ്കാരം.

ദക്ഷിണാമൂർത്തിരൂപന്നു നമസ്കാരം.

| | |
|---|---|
| ഓം ദ്വന്ദ്വരഹിതായ നമഃ | 38 |
| ഓം ധർമാധർമവിവർജിതായ നമഃ | 39 |
| ഓം നിർഗുണായ നമഃ | 40 |
| ഓം നിത്യബോധായ നമഃ | 41 |
| ഓം നിത്യായ നമഃ | 42 |
| ഓം നിരപേക്ഷായ നമഃ | 43 |
| ഓം നിരീഹായ നമഃ | 44 |
| ഓം നിസ്പൃഹായ നമഃ | 45 |
| ഓം നിഃശ്രേയസനിധയേ നമഃ | 46 |
| ഓം നിത്യാനിത്യവിവേകപ്രബോധകായ നമഃ | 47 |
| ഓം പരബ്രഹ്മണേ നമഃ | 48 |
| ഓം പരതത്ത്വപ്രബോധകായ നമഃ | 49 |
| ഓം പ്രസന്നവദനായ നമഃ | 50 |
| ഓം പരാത്പരായ നമഃ | 51 |
| ഓം പവിത്രതാസ്വരൂപിണേ നമഃ | 52 |
| ഓം പരിപൂർണസ്വരൂപായ നമഃ | 53 |
| ഓം പരിവ്രാജകായ നമഃ | 54 |
| ഓം പരമാത്മനേ നമഃ | 55 |
| ഓം പാവനായ നമഃ | 56 |
| ഓം പുരുഷോത്തമായ നമഃ | 57 |
| ഓം പ്രേമസ്വരൂപായ നമഃ | 58 |

ദ്വന്ദ്വങ്ങളേശാത്തവന്നു നമസ്കാരം.

ധർമാധർമങ്ങൾക്കുപരിയായവന്നു നമസ്കാരം.

നിർഗുണനായവന്നു നമസ്കാരം.

നിത്യബോധന്നു നമസ്കാരം.

നിത്യന്നു നമസ്കാരം.

അപേക്ഷയില്ലാത്തവന്നു നമസ്കാരം.

ആഗ്രഹമില്ലാത്തവന്നു നമസ്കാരം.

സ്പൃഹയില്ലാത്തവന്നു നമസ്കാരം.

മോക്ഷനിധിയ്ക്കു നമസ്കാരം.

നിത്യാനിത്യവിവേകം ഓതിത്തരുന്നവന്നു നമസ്കാരം.

പരബ്രഹ്മത്തിന്നു നമസ്കാരം.

പരമതത്ത്വം ഉദ്ബോധിപ്പിയ്ക്കുന്നവന്നു നമസ്കാരം.

പ്രസന്നമുഖന്നു നമസ്കാരം.

പരത്തേക്കാൾ പരനായവന്നു നമസ്കാരം.

പവിത്രത രൂപമായുള്ളവന്നു നമസ്കാരം.

പരിപൂർണസ്വരൂപന്നു നമസ്കാരം.

പരിവ്രജനംചെയ്യുന്നവന്നു നമസ്കാരം.

പരമാത്മാവിന്നു നമസ്കാരം.

പാവനന്നു നമസ്കാരം.

പുരുഷോത്തമന്നു നമസ്കാരം.

പ്രേമസ്വരൂപന്നു നമസ്കാരം.

ഓം ബ്രഹ്മവിദ്യാപ്രചാരകായ നമഃ 59
ഓം ബ്രഹ്മാനന്ദപ്രദായകായ നമഃ 60
ഓം ഭഗവന്നാമപാരായണപ്രിയായ നമഃ 61
ഓം ഭക്താഭീഷ്ടപ്രദായകായ നമഃ 62
ഓം ഭക്തിജ്ഞാനവർധകായ നമഃ 63
ഓം ഭാഗവതധർമപ്രചാരകായ നമഃ 64
ഓം ഭാവാതീതായ നമഃ 65
ഓം മുക്തിപ്രദാത്രേ നമഃ 66
ഓം മോക്ഷമാർഗപ്രദർശകായ നമഃ 67
ഓം യതീശ്വരായ നമഃ 68
ഓം യുവജനഹിതജാഗരൂകായ നമഃ 69
ഓം യോഗീന്ദ്രായ നമഃ 70
ഓം ലോകനാഥായ നമഃ 71
ഓം ലോകസംഗ്രഹകാംക്ഷിണേ നമഃ 72
ഓം വേദാന്തതത്ത്വപ്രബോധകായ നമഃ 73
ഓം വിദ്യാസ്വരൂപിണേ നമഃ 74
ഓം വിവേകചക്ഷുഷേ നമഃ 75
ഓം വിവേകവൈരാഗ്യനിധയേ നമഃ 76
ഓം വിശ്വബന്ധവേ നമഃ 77
ഓം ശാശ്വതായ നമഃ 78
ഓം ശിവാത്മനേ നമഃ 79

ബ്രഹ്മവിദ്യ പ്രചരിപ്പിയ്ക്കുന്നവന്നു നമസ്കാരം

ബ്രഹ്മാനന്ദം നല്കുന്നവന്നു നമസ്കാരം

ഭഗവന്നാമപാരായണപ്രിയന്നു നമസ്കാരം.

ഭക്തന്റെ അഭീഷ്ടങ്ങൾ നിറവേറ്റുന്നവന്നു നമസ്കാരം.

ഭക്തിയും ജ്ഞാനവും വർധിപ്പിയ്ക്കുന്നവന്നു നമസ്കാരം.

ഭാഗവതധർമം പ്രചരിപ്പിയ്ക്കുന്നവന്നു നമസ്കാരം.

ഭാവങ്ങൾക്കതീതനായവന്നു നമസ്കാരം.

മുക്തിനല്കുന്നവന്നു നമസ്കാരം.

മോക്ഷമാർഗം കാട്ടിത്തരുന്നവന്നു നമസ്കാരം.

സംന്യാസിവര്യന്നു നമസ്കാരം.

യുവജനഹിതത്തിൽ ജാഗരൂകനായവന്നു നമസ്കാരം.

യോഗീന്ദ്രന്നു നമസ്കാരം.

ലോകനാഥന്നു നമസ്കാരം.

ലോകമംഗളം ആഗ്രഹിയ്ക്കുന്നവന്നു നമസ്കാരം.

വേദാന്തതത്ത്വം മനസ്സിലാക്കിത്തരുന്നവന്നു നമസ്കാരം.

വിദ്യാസ്വരൂപന്നു നമസ്കാരം.

വിവേകമാകുന്ന കണ്ണുള്ളവന്നു നമസ്കാരം.

വിവേകവൈരാഗ്യനിധിയ്ക്കു നമസ്കാരം.

വിശ്വബന്ധുവിന്നു നമസ്കാരം.

എന്നും നിലനില്ക്കുന്നവന്നു നമസ്കാരം.

മംഗളാത്മാവിന്നു നമസ്കാരം.

ഓം ശിവായ നമഃ 80

ഓം ശുദ്ധായ നമഃ 81

ഓം ശുഭാങ്ഗായ നമഃ 82

ഓം ശുഭേക്ഷണായ നമഃ 83

ഓം ശ്രീശങ്കരാചാര്യഗുരുപരമ്പരാനുവർതിനേ നമഃ 84

ഓം സജ്ജനഹിതൈഷിണേ നമഃ 85

ഓം സച്ചിദാനന്ദസ്വരൂപിണേ നമഃ 86

ഓം സച്ചിത്സുഖാത്മനേ നമഃ 87

ഓം സത്സംഗപോഷകായ നമഃ 88

ഓം സതാം ഗതയേ നമഃ 89

ഓം സത്യാനന്ദസ്വരൂപായ നമഃ 90

ഓം സദാചാരതത്പരായ നമഃ 91

ഓം സദാനന്ദായ നമഃ 92

ഓം സദാശിവായ നമഃ 93

ഓം സദൈകരൂപായ നമഃ 94

ഓം സംപൂർണായ നമഃ 95

ഓം സമദർശിനേ നമഃ 96

ഓം സംയമിനേ നമഃ 97

ഓം സർവഭൂതാത്മനേ നമഃ 98

ഓം സർവസംഗവിവർജിതായ നമഃ 99

ഓം സർവാത്മനേ നമഃ 100

ശിവന്നു നമസ്കാരം.

ശുദ്ധന്നു നമസ്കാരം.

ശുഭശരീരന്നു നമസ്കാരം.

മംഗളവീക്ഷണന്നു നമസ്കാരം.

ശ്രീശങ്കരാചാര്യഗുരുപരമ്പര തുടരുന്നവന്നു നമസ്കാരം.

സജ്ജനഹിതം ഇച്ഛിയ്ക്കുന്നവന്നു നമസ്കാരം.

സച്ചിദാനന്ദസ്വരൂപിയ്ക്കു നമസ്കാരം.

സച്ചിത്സുഖാത്മാവിന്നു നമസ്കാരം.

സത്സംഗം പോഷിപ്പിയ്ക്കുന്നവന്നു നമസ്കാരം.

സജ്ജനങ്ങളുടെ ഗതിയായുള്ളവന്നു നമസ്കാരം.

സത്യാനന്ദസ്വരൂപന്നു നമസ്കാരം.

സദാചാരത്തിൽ താത്പര്യമുള്ളവന്നു നമസ്കാരം.

സദാ ആനന്ദരൂപിയായവന്നു നമസ്കാരം.

സദാ മംഗളരൂപം പൂണ്ടിരിയ്ക്കുന്നവന്നു നമസ്കാരം.

സന്മാത്രമൂർത്തിയ്ക്കു നമസ്കാരം.

പരിപൂർണന്നു നമസ്കാരം.

സമത്വദർശനമുള്ളവന്നു നമസ്കാരം.

ഇന്ദ്രിയമനസ്സുകളെ അടക്കിയവന്നു നമസ്കാരം.

എല്ലാ ഭൂതങ്ങളുടേയും ആത്മാവിന്നു നമസ്കാരം.

സർവസംഗവർജിതന്നു നമസ്കാരം.

സർവാത്മാവിന്നു നമസ്കാരം.

ഓം സംസാരാർണവസേതവേ നമഃ 101

ഓം സാകാരനിരാകാരവർജിതായ നമഃ 102

ഓം സാധുജനവത്സലായ നമഃ 103

ഓം സ്ഥിതധിയേ നമഃ 104

ഓം സ്വതന്ത്രായ നമഃ 105

ഓം സ്വസ്വരൂപപ്രകാശകായ നമഃ 106

ഓം ക്ഷേത്രജ്ഞായ നമഃ 107

ഓം നാരായണാശ്രമതപോവനപ്രതിഷ്ഠാപക-
ശ്രീ ഭൂമാനന്ദതീർഥപാദേഭ്യോ നമഃ 108

**ഹരിഃ ഓം തത് സത്**

സംസാരസമുദ്രം കടക്കാൻ ഹേതുവായവന്നു നമസ്കാരം.

സാകാരനിരാകാരരഹിതന്നു നമസ്കാരം.

സജ്ജനങ്ങളെ ഇഷ്ടപ്പെടുന്നവന്നു നമസ്കാരം.

ഉറച്ച ബുദ്ധിയുള്ളവന്നു നമസ്കാരം.

സ്വതന്ത്രന്നു നമസ്കാരം.

സ്വന്തം രൂപത്തെ പ്രകാശിപ്പിയ്ക്കുന്നവന്നു നമസ്കാരം.

ക്ഷേത്രജ്ഞന്നു നമസ്കാരം.

നാരായണാശ്രമതപോവനം സ്ഥാപിച്ച

ശ്രീ ഭൂമാനന്ദതീർഥപാദങ്ങൾക്കു നമസ്കാരം.

**ഹരിഃ ഓം തത് സത്**

## പരിശിഷ്ടം 2

# ശ്രീമദ്ഭഗവദ്ഗീത : 15-ാം അധ്യായം

### ഓം ശ്രീ പരമാത്മനേ നമഃ

### അഥ പഞ്ചദശോഽധ്യായഃ

ശ്രീഭഗവാനുവാച

ഊർധ്വമൂലമധഃശാഖമശ്വത്ഥം പ്രാഹുരവ്യയം
ഛന്ദാംസി യസ്യ പർണാനി യസ്തം വേദ സ വേദവിത് 1

അധശ്ചോർധ്വം പ്രസൃതാസ്തസ്യ ശാഖാ
ഗുണപ്രവൃദ്ധാ വിഷയപ്രവാലാഃ
അധശ്ച മൂലാന്യനുസന്തതാനി
കർമാനുബന്ധീനി മനുഷ്യലോകേ 2

ന രൂപമസ്യേഹ തഥോപലഭ്യതേ
നാന്തോ ന ചാദിർന ച സംപ്രതിഷ്ഠാ
അശ്വത്ഥമേനം സുവിരൂഢമൂല-
മസങ്ഗശസ്ത്രേണ ദൃഢേന ഛിത്ത്വാ 3

തതഃ പദം തത്പരിമാർഗിതവ്യം
യസ്മിൻഗതാ ന നിവർതന്തി ഭൂയഃ
തമേവ ചാദ്യം പുരുഷം പ്രപദ്യേ
യതഃ പ്രവൃത്തിഃ പ്രസൃതാ പുരാണീ 4

നിർമാനമോഹാ ജിതസങ്ഗദോഷാ
അധ്യാത്മനിത്യാ വിനിവൃത്തകാമാഃ
ദ്വന്ദ്വൈർവിമുക്താഃ സുഖദുഃഖസംജ്ഞൈർ-
ഗച്ഛന്ത്യമൂഢാഃ പദമവ്യയം തത് 5

ന തദ്ഭാസയതേ സൂര്യോ ന ശശാങ്കോ ന പാവകഃ
യദ്ഗത്വാ ന നിവർതന്തേ തദ്ധാമ പരമം മമ 6

മമൈവാംശോ ജീവലോകേ ജീവഭൂതഃ സനാതനഃ
മനഃഷഷ്ഠാനീന്ദ്രിയാണി പ്രകൃതിസ്ഥാനി കർഷതി 7

ശരീരം യദവാപ്നോതി യച്ചാപ്യുത്ക്രാമതീശ്വരഃ
ഗൃഹീത്വൈതാനി സംയാതി വായുർഗന്ധാനിവാശയാത് 8

ശ്രോത്രം ചക്ഷുഃ സ്പർശനം ച രസനം ഘ്രാണമേവ ച
അധിഷ്ഠായ മനശ്ചായം വിഷയാനുപസേവതേ 9

ഉത്ക്രാമന്തം സ്ഥിതം വാപി ഭുഞ്ജാനം വാ ഗുണാന്വിതം
വിമൂഢാ നാനുപശ്യന്തി പശ്യന്തി ജ്ഞാനചക്ഷുഷഃ 10

യതന്തോ യോഗിനശ്ചൈനം പശ്യന്ത്യാത്മന്യവസ്ഥിതം
യതന്തോഽപ്യകൃതാത്മാനോ നൈനം പശ്യന്ത്യചേതസഃ 11

യദാദിത്യഗതം തേജോ ജഗദ്ഭാസയതേഽഖിലം
യച്ചന്ദ്രമസി യച്ചാഗ്നൗ തത്തേജോ വിദ്ധി മാമകം 12

ഗാമാവിശ്യ ച ഭൂതാനി ധാരയാമ്യഹമോജസാ
പുഷ്ണാമി ചൗഷധീഃ സർവാഃ സോമോ ഭൂത്വാ രസാത്മകഃ 13

അഹം വൈശ്വാനരോ ഭൂത്വാ പ്രാണിനാം ദേഹമാശ്രിതഃ
പ്രാണാപാനസമായുക്തഃ പചാമ്യന്നം ചതുർവിധം 14

**സർവസ്യ ചാഹം ഹൃദി സന്നിവിഷ്ടോ**
**മത്തഃ സ്മൃതിർജ്ഞാനമപോഹനം ച**
**വേദൈശ്ച സർവൈരഹമേവ വേദ്യോ**
**വേദാന്തകൃദ്വേദവിദേവ ചാഹം** 15

**ദ്വാവിമൗ പുരുഷൗ ലോകേ ക്ഷരശ്ചാക്ഷര ഏവ ച**
**ക്ഷരഃ സർവാണി ഭൂതാനി കൂടസ്ഥോഽക്ഷര ഉച്യതേ** 16

**ഉത്തമഃ പുരുഷസ്ത്വന്യഃ പരമാത്മേത്യുദാഹൃതഃ**
**യോ ലോകത്രയമാവിശ്യ ബിഭർത്യവ്യയ ഈശ്വരഃ** 17

**യസ്മാത്ക്ഷരമതീതോഽഹമക്ഷരാദപി ചോത്തമഃ**
**അതോഽസ്മി ലോകേ വേദേ ച പ്രഥിതഃ പുരുഷോത്തമഃ** 18

**യോ മാമേവമസമ്മൂഢോ ജാനാതി പുരുഷോത്തമം**
**സ സർവവിദ്ഭജതി മാം സർവഭാവേന ഭാരത** 19

**ഇതി ഗുഹ്യതമം ശാസ്ത്രമിദമുക്തം മയാനഘ**
**ഏതദ്ബുദ്ധ്വാ ബുദ്ധിമാൻസ്യാത്കൃതകൃത്യശ്ച ഭാരത** 20

**ഓം തത്സദിതി ശ്രീമദ്ഭഗവദ്ഗീതാസൂപനിഷത്സു**
**ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ**
**ശ്രീകൃഷ്ണാർജുനസംവാദേ പുരുഷോത്തമയോഗോ നാമ**
**പഞ്ചദശോഽധ്യായഃ**